സത്യപ്രകാശമേ നയിച്ചാലും
ESTD-1968

# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 മേയ് 8 | ദീപം 58 | നാളം 9 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org








# മതഭീകരത പത്തിവിടർത്തുമ്പോൾ

**അഡ്വ. വി. സി. സെബാസ്റ്റ്യൻ**

മതഭീകരതയുടെ മറവിലെ പൈശാചികതാണ്ഡവം, നിസ്സഹായരും നിർദോഷികളുമായ 26 മനുഷ്യരുടെ ജീവനെടുത്ത കടുത്ത ആഘാതത്തിൽനിന്ന് ഭാരതസമൂഹം ഇനിയും മോചിതരായിട്ടില്ല. ഇന്ത്യയുടെ അന്തരാത്മാവിൽ ഭീകരർ സൃഷ്ടിച്ച മുറിവിന്റെ ആഴം വാക്കുകളിലൂടെ അളക്കാവുന്നതല്ല. ആർഷഭാരതസംസ്കാരം ഉയർത്തിപ്പിടിച്ച്, ലോകത്തിന്റെ നെറുകയിൽ കൈകൾ ഉയർത്തി, സ്നേഹവും സാഹോദര്യവും സമാധാനവും വിളിച്ചറിയിക്കുന്നവരാണ് നമ്മൾ. ഋഷീശ്വരന്മാരിലൂടെ പങ്കുവച്ച മാനിഷാദമന്ത്രങ്ങൾ ഉരുവിട്ടു പഠിപ്പിച്ചവരുടെ ആത്മാവ് നിറഞ്ഞുപ്രകാശിക്കുന്ന ഈ മണ്ണിൽ മതത്തിന്റെ പേരിൽ മനുഷ്യനെ നീചമായി കൊലചെയ്യുന്ന കാപാലികർക്ക് ഇടത്താവളമൊരുക്കുന്നതാര്? കശ്മീരിലെ വിനോദസഞ്ചാരകേന്ദ്രമായ പഹൽഗാമിലെ ബൈസരണിൽ നടന്ന കൂട്ടക്കൊലപാതകത്തിന്റെ പിന്നിലെ ദുഷ്ടശക്തികൾക്കും അവരുടെ മതത്തിനും ആശയങ്ങൾക്കും വിശ്വാസങ്ങൾക്കും വളവും വെള്ളവും നൽകുന്ന അതിക്രൂരന്മാരെയും വെറുതെവിടാൻ ലോകമനഃസാക്ഷിക്കാവുമോ? ഇന്ത്യയുടെ ആത്മാവിനെ വെട്ടിമുറിച്ച് ആഹ്ലാദിക്കുന്ന ഭീകരവാദികളെ അവർ ലോകത്തിലെ ഏതു രാജ്യത്തിന്റെ കോണിലാണെങ്കിലും ഉന്മൂലനം ചെയ്തില്ലെങ്കിൽ ഭാരതീയനാണെന്ന് അഭിമാനിച്ച് അഹങ്കരിക്കുന്നതിൽ അർഥമില്ല. ഈ കൊടുംഭീകരതയുടെ പിന്നാമ്പുറങ്ങൾ നൽകുന്ന മുന്നറിയിപ്പുകൾ ഓരോ ഭാരതപൗരന്റെയും മുന്നോട്ടുള്ള ജീവിതയാത്രയ്ക്ക് ശരിയായ വഴികൾ തിരഞ്ഞെടുക്കുവാനും രാഷ്ട്രീയനിലപാടുകൾ സ്വീകരിക്കാനുമുള്ള അവസരമാണ്.

### പഹൽഗാമിൽ സംഭവിച്ചത്

2025 ഏപ്രിൽ 22 ചൊവ്വാഴ്ച ഉച്ച കഴിഞ്ഞ് മൂന്നുമണിയോടെയാണ് പഹൽഗാമിൽ ഭീകരാക്രമണം നടന്നത്. ഈ സമയം, പ്രധാനമന്ത്രി നരേന്ദ്രമോദി സൗദി അറേബ്യയിലെ ജിദ്ദയിൽ കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാന്റെ ആതിഥേയത്വം സ്വീകരിച്ച് സുപ്രധാന രാജ്യാന്തര കരാറുകൾ ഒപ്പിടാനുള്ള ഒരുക്കത്തിലായിരുന്നു. ഭീകരാക്രമണവിവരം അറിഞ്ഞപ്പോൾത്തന്നെ സൗദി രാജാവ് ഒരുക്കിയ അത്താഴവിരുന്നുപോലും ഉപേക്ഷിച്ച് രണ്ടുദിവസത്തെ സന്ദർശനം ഏതാനും മണിക്കൂറുകൾകൊണ്ടവസാനിപ്പിച്ച് പ്രധാനമന്ത്രി സ്വന്തം മണ്ണിലേക്കു മടങ്ങിയെത്തി.

കേരളമുൾപ്പെടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നുമുള്ള ടൂറിസ്റ്റുകളാണ് ഇന്ത്യയിലെ മിനി സ്വിറ്റ്സർലാന്റിന്റെ മനോഹാരിത ദർശിക്കാൻ പഹൽഗാമിലെത്തിയത്. മഞ്ഞ് പെയ്തിറങ്ങി തണുപ്പേകുന്ന കുളിർക്കാറ്റിന്റെ തലോടലിൽ കുടുംബാംഗങ്ങളോടൊപ്പം അവർ ചെലവിട്ട സന്തോഷവും ആനന്ദവും നിറഞ്ഞ നിമിഷങ്ങളെയാണ് കൊടുംഭീകരർ വെടിയുതിർത്തു തകർത്തെറിഞ്ഞത്. മതം ഏതാണ് എന്നുമാത്രമല്ല, മുസ്ലീം വിശ്വാസം വിളിച്ചുപറയുന്ന കലിമ ചൊല്ലാനും ഭീകരർ ആവശ്യപ്പെട്ടു. കൈയിൽ കിട്ടിയ മുസ്ലീം മതത്തിൽപ്പെടാത്ത പുരുഷന്മാരെയെല്ലാം കൊന്നൊടുക്കി. മതമേതെന്ന് ഉറപ്പാക്കാൻ വസ്ത്രമഴിച്ചു പരിശോധിച്ചു. ഭാര്യമാരോടു പറഞ്ഞത് മുസ്ലീം അല്ലാത്തതുകൊണ്ടാണ് ഭർത്താവിനെ കൊല്ലുന്നത് എന്നാണ്. അതേസമയം, ഭീകരരെ തടയുന്നതിനിടയിൽ ആദിൽ ഹസ്സൻ ഷായെന്ന കശ്മീർ കുതിരക്കാരനും ഭീകരവാദികളുടെ തോക്കിനിരയായി.

### കശ്മീരിലെ രാഷ്ട്രീയം

ഭീകരാക്രമണങ്ങൾകൊണ്ടു പൊറുതിമുട്ടിയപ്പോഴാണ് കശ്മീരിന് പ്രത്യേക പദവി നൽകുന്ന ഭരണഘടനയിലെ ആർട്ടിക്കിൾ 370 കേന്ദ്രസർക്കാർ റദ്ദാക്കിയത്. തുടർന്ന്, കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള ഭരണഇടപെടലും പട്ടാളത്തിന്റെ സാന്നിധ്യവുംകൊണ്ട് പതിറ്റാണ്ടുകളായി കശ്മീരിൽ നിലനിന്നിരുന്ന പാക്കിസ്ഥാൻ അധിനിവേശത്തിനും ഭീകരവാദ അജണ്ടകൾക്കും അവസാനമായി. ജനജീവിതം സാധാരണനിലയിലേക്കു കടന്നു. റോഡുകൾ സജീവമായി, കടകൾ തുറന്നു, ടൂറിസം ആകർഷകമായി, കൃഷിയിടങ്ങളിൽ ആപ്പിളുകൾ, തടാകങ്ങളിൽ ബോട്ടുകൾ, ഹോട്ടലുകളിൽ ജനങ്ങൾ. ഇന്നലെകളിൽ ഭീകരാക്രമണത്തിൽ ജീവൻ വെടിഞ്ഞവരും കൂട്ടപ്പലായനം നടത്തിയവരുമായ പണ്ഡിറ്റുകൾ ചരിത്രത്തിലിടം നേടി.

ആർട്ടിക്കിൾ 370 റദ്ദാക്കിയ കേന്ദ്രസർക്കാർ നിയമനിർമാണം സുപ്രീം കോടതി അംഗീകരിച്ചതിനെത്തുടർന്ന് ശാന്തമായ അന്തരീക്ഷത്തിൽ കഴിഞ്ഞവർഷം കശ്മീരിൽ ലോകസഭ തിരഞ്ഞെടുപ്പും തുടർന്ന് നിയമസഭാതിരഞ്ഞെടുപ്പും നടന്നു. മൂന്നരപ്പതിറ്റാണ്ടിലെ ഏറ്റവും വലിയ വോട്ടിംഗ് ശതമാനവും രേഖപ്പെടുത്തി. ഒമർ അബ്ദുള്ള മുഖ്യമന്ത്രിയുമായി. കശ്മീരിൽ സമാധാനം കടന്നുവന്ന് നിലനിൽക്കുന്നതും ജനാധിപത്യവ്യവസ്ഥിതി കൂടുതൽ കരുത്തുനേടി ശക്തിപ്രാപിക്കുന്നതും ഏറ്റവും അസ്വസ്ഥപ്പെടുത്തിയത് പാക്കിസ്ഥാനെയാണ്. പാക്കിസ്ഥാൻ പട്ടാളനേതാവിന്റെ മതവികാരമുണർത്തുന്ന പ്രഖ്യാപനങ്ങൾ ഭീകരവാദികൾക്ക് ഉത്തേജനം നല്കിയെന്നുമാത്രമല്ല, ഇന്ത്യയ്ക്കെതിരെ തിരിയാനുള്ള അനൗദ്യോഗികലൈസൻസായി മാറുകയും അക്രമത്തിലെത്തുകയും ചെയ്തു. കശ്മീർ മലമടക്കിൽ ചോരപ്പുഴയൊഴുക്കിയ പാക്കിസ്ഥാൻ പിന്തുണയുള്ള ഭീകരർക്കു തിരിച്ചടി നൽകേണ്ടതാണെന്ന് ലോകം മുഴുവൻ ആവർത്തിച്ചുപറയുന്നു.

### അരുംകൊലയുടെ പിന്നിലാര്?

പഹൽഗാമിലെ കൂട്ടക്കുരുതിക്കു പിന്നിൽ പാക്കിസ്ഥാനാണെന്നു വ്യക്തമെങ്കിലും പാക്കിസ്ഥാൻ പട്ടാളവും ഭരണസംവിധാനവും ആരോപണം നിഷേധിക്കുന്നു. ജനാധിപത്യത്തെ നിർവീര്യമാക്കുന്ന പട്ടാളത്തിന്റെ സ്വാധീനം പാക്കിസ്ഥാൻ ഭരണത്തിൽ ഏറെ നിർണായകമാണ്. അതേസമയം, 'ദി റെസിസ്റ്റൻസ് ഫ്രണ്ട്' എന്ന മുസ്ലീം ഭീകരവാദ സംഘടന ഭീകരവാദത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുണ്ട്. ഈ സംഘടനയാകട്ടെ, പാക്കിസ്ഥാന്റെ മുസ്ലീം മതഭ്രാന്തിനു വെടിമരുന്നുകൊളുത്തുന്ന ലഷ്കർ ഇ തൊയ്ബയുടെ ബി ടീമും.

ജമ്മു കശ്മീരിന്റെ സ്വാതന്ത്ര്യമാണ് ദി റെസിസ്റ്റൻസ് ഫ്രണ്ടിന്റെ ലക്ഷ്യമെന്ന് ആവർത്തിച്ചുപ്രഖ്യാപിച്ചിട്ടുണ്ട്. ഇവർ കറാച്ചി കേന്ദ്രമാക്കി പ്രവർത്തനങ്ങൾ നടത്തുന്നു. ഭീകരാക്രമണം നടത്തിയവരിൽ പാക്കിസ്ഥാൻ സൈനികബന്ധത്തിന്റെ തെളിവുകൾ വന്നു. ആളുകൾക്കു നേരെ വെടിവെച്ച ആസിഫ് ഫൗജി മുൻ പാക്ക് സൈനികനാണ്. ലഷ്കർ ഇ തൊയ്ബ തലവൻ സൈഫുള്ള കസൂരിയാണ് ഭീകരാക്രമണത്തിന്റെ ആസൂത്രകനെന്നു വ്യക്തമാക്കുന്ന തെളിവുകളും പുറത്തുവന്നിട്ടുണ്ട്.

### പ്രതിഷേധം-പ്രതികരണം

പഹൽഗാമിലെ കൂട്ടക്കൊലയ്ക്കെതിരെ ഇന്ത്യയിലുടനീളം പ്രതിഷേധം തുടരുന്നു. ശക്തമായ പ്രതിഷേധങ്ങൾ ഉയരുന്നത് കശ്മീർജനതകൾക്കിടയിലാണ്. തെരുവിലേക്ക് ഒഴുകിയെത്തിയ ജനസാഗരം കശ്മീർ ബന്ദ് പ്രഖ്യാപിച്ചുകൊണ്ട് രാജ്യത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ഭീകരർക്കെതിരെ കശ്മീർ ജനത ശക്തമായ നിലപാട് പ്രഖ്യാപിച്ചത് ഭീകരവാദപ്രസ്ഥാനങ്ങളെപ്പോലെ പാക്കിസ്ഥാൻഭരണകൂടത്തെയും ഞെട്ടിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ പ്രദേശവാസികളിൽ ഒരു വിഭാഗത്തെ കൂടെനിർത്താൻ ഇക്കൂട്ടർക്കായെങ്കിൽ പ്രാദേശികമായി ഭീകരർക്കെതിരെ ഉയർന്ന എതിർപ്പുകൾ അവരുടെ പ്രതീക്ഷകളെയും തകർത്തു. 35 വർഷത്തിനിടെ ആദ്യമായാണ് കശ്മീരിൽ ജനങ്ങൾ ഒറ്റക്കെട്ടായി ബന്ദ് നടത്തി പ്രതിഷേധിക്കുന്നത്.

1971 ലെ ഇന്ത്യാ-പാക് യുദ്ധത്തിലെ തോൽവിക്കു പകരംചോദിക്കാൻ കെല്പില്ലാത്തതാണ് പാക്കിസ്ഥാൻ ഇന്ത്യയ്ക്കെതിരെ മതഭീകരവാദികളെ പാലൂട്ടി വളർത്താനുള്ള മുഖ്യകാരണം. 2016 ലെ ഉറി ഭീകരാക്രമത്തിന്റെ മുറിപ്പാടുകൾ ഇനിയും ഉണങ്ങിയിട്ടില്ല. സൗദി അറേബ്യ ഉൾപ്പെടെ മുസ്ലീംരാജ്യങ്ങളും ഇതര രാഷ്ട്രങ്ങളും ഭീകരവാദികൾക്കെതിരെ ശക്തമായ നിലപാടെടുക്കാൻ പിന്തുണയുമായി രംഗത്തുവന്നത് പാക്കിസ്ഥാനു തിരിച്ചടിയും ഇന്ത്യയ്ക്കു ഭീകരവാദത്തെ തകർക്കാനായി ആയുധമെടുക്കാൻ പുത്തൻ ഊർജവുമാണ്.

ഇതിനോടകം കശ്മീരിൽ ഇന്ത്യൻ പട്ടാളത്തിന്റെ സാന്നിധ്യവും അതിർത്തിയിൽ സുരക്ഷയും ശക്തമാക്കി. ഭീകരരുടെ ചിത്രങ്ങൾ പുറത്തുവിട്ടു. അവരുടെ വീടുകൾ കണ്ടെത്തി നശിപ്പിച്ചു. മൂന്നു ഭീകരരെ വെടിവെച്ചിട്ടു. പാക്കിസ്ഥാനിലേക്കുള്ള വിസകൾ റദ്ദാക്കി.

►05

# നിഖ്യാവിശ്വാസപ്രമാണം റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗികനിയമം

നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യാസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര

12



**ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ**

ക്രിസ്ത്യാനിയായിരുന്നുവെങ്കിലും ആരിയൂസിന്റെ ആശയങ്ങളോടായിരുന്നു അദ്ദേഹത്തിനു കൂടുതൽ താത്പര്യം. അതിനാൽ, ആര്യനിസത്തെ എതിർക്കാനോ തകർക്കാനോ അദ്ദേഹം ഒന്നും ചെയ്തില്ല എന്നുമാത്രമല്ല, മറ്റൊരു പാഷണ്ഡതയായ സെമി-ആര്യനിസവും അക്കാലത്തു പ്രചരിക്കാൻ തുടങ്ങി.

ഗ്രേഷ്യൻ ചക്രവർത്തി (375 -383)യാണ് അടുത്തതായി റോമിൽ ഭരണാധികാരിയായത്. അദ്ദേഹം ഒരു കത്തോലിക്കാവിശ്വാസിയായിരുന്നു. ആ സമയത്തു മാർപാപ്പായായിരുന്നത് ഡമാസൂസ് ഒന്നാമനായിരുന്നു (366-384). ആര്യനിസത്തിന്റെ ചില വകഭേദങ്ങൾ ഈ സമയത്തു നിലനിൽക്കുന്നുണ്ടായിരുന്നുവെങ്കിലും കപ്പദോസിയൻ പിതാക്കന്മാരായ ബേസിലും, ഗ്രിഗറി നസിയാൻസനും, ഗ്രിഗറി നിസ്സായും ഏറെ സ്വാധീനമുള്ളവരായിരുന്നു. യുവ-നിഖ്യാക്കാർ (young nyceans) എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. അത്രമാത്രം സ്വാധീനം അന്ന് ക്രൈസ്തവലോകത്ത്, ദൈവശാസ്ത്രരംഗത്ത് അവർക്കുണ്ടായിരുന്നു. അവർ രൂപംകൊടുത്ത ഫോർമുല 'ഒരു സത്ത, മൂന്നു വ്യക്തികൾ' എന്നായിരുന്നു. പഴയ നിഖ്യാക്കാർ, പുതിയ നിഖ്യാക്കാർ എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ അന്നു രൂപപ്പെട്ടിരുന്നു. അന്ത്യോക്യായിലും അലക്സാണ്ട്രിയായിലും വ്യത്യസ്തരൂപങ്ങളാണ് വളർന്നുവന്നത്. അന്ത്യോക്യായിൽതന്നെ പൗളീനൂസിന്റെ നേതൃത്വത്തിൽ പഴയ നിഖ്യാക്കാരും മെലേനിയൂസിന്റെ നേതൃത്വത്തിൽ പുതിയ നിഖ്യാക്കാരും തമ്മിൽ വാക്കുതർക്കംവരെ ഉണ്ടായി. ഈയവസരത്തിലാണ് അന്നത്തെ റോമൻചക്രവർത്തി കത്തോലിക്കനായിരുന്ന തെയഡോഷ്യസ് ഒന്നാമൻ ഒരു കൗൺസിൽ വിളിച്ചുകൂട്ടി പ്രശ്നങ്ങൾ പരിഹരിക്കാൻ പദ്ധതി തയ്യാറാക്കുന്നത്.

**നിഖ്യാവിശ്വാസപ്രമാണം കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലിൽ (381)**

തെയഡോഷ്യസ് കൗൺസിൽ വിളിച്ചുകൂട്ടാൻ മറ്റൊരു കാരണവുംകൂടിയുണ്ട്. പുത്രന്റെ ദൈവത്വത്തെ സംബന്ധിച്ച വ്യത്യസ്ത ആശയങ്ങൾപോലെ ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവിനെ സംബന്ധിച്ച പുതിയ ആശയങ്ങൾ അക്കാലത്തു പ്രചരിക്കാൻ തുടങ്ങി. പരിശുദ്ധാരൂപിക്കും 'ദൈവികസത്ത്'യില്ല എന്നും പരിശുദ്ധാരൂപി പുത്രനെപ്പോലെതന്നെ ഒരു സൃഷ്ടിയാണെന്നും ചിലർ പ്രചരിപ്പിക്കാൻ തുടങ്ങി. പരിശുദ്ധാരൂപി പിതാവിന്റെ സൃഷ്ടിയാണെന്നുമാത്രമല്ല, പരിശുദ്ധാരൂപിക്ക് ഉയർന്ന പദവിയുള്ള മാലാഖായുടെ സ്ഥാനമാണെന്നുമൊക്കെയാണ് ഇക്കൂട്ടർ പഠിപ്പിച്ചത്. ആര്യനിസത്തിൽ പുത്രന്റെ ദൈവത്വം നിഷേധിക്കപ്പെട്ടുവെങ്കിൽ സെമി-ആര്യനിസത്തിൽ പരിശുദ്ധാത്മാവിന്റെ ദൈവത്വമാണ് നിഷേധിക്കപ്പെടുന്നത്. രണ്ടിലും ദൈവത്വം നിഷേധിക്കപ്പെടുന്നു എന്നതാണ് ഈ രണ്ടു പാഷണ്ഡതകൾതമ്മിലുള്ള സാദൃശ്യം. ആര്യനിസത്തോടുള്ള അടുപ്പംകൊണ്ടാണ് ഇതിനെ സെമി-ആര്യനിസമെന്നു വിളിക്കുന്നത്. ആദ്യത്തേതിൽ പുത്രന്റെ ദൈവത്വമാണെങ്കിൽ രണ്ടാമത്തേതിൽ പരിശുദ്ധാത്മാവിന്റെ ദൈവത്വമാണു നിഷേധിച്ചിരിക്കുന്നത്. ആര്യനിസത്തിലെ തത്ത്വമായ 'സബ്ഓർഡിനേഷനിസ'മാണ് ഇവിടെയും പ്രയോഗിച്ച് പരിശുദ്ധാത്മാവ് പിതാവിനു തുല്യനല്ല, താഴെയാണ് എന്നു സമർത്ഥിക്കുന്നത്.

പരിശുദ്ധാത്മാവിനെ സംബന്ധിക്കുന്ന ഈ പുതിയ ആശയങ്ങൾ ചർച്ച ചെയ്യാൻവേണ്ടി അത്തനേഷ്യസ് രണ്ടു സിനഡുകൾ 362 ലും 363 ലും അലക്സാണ്ട്രിയായിൽ വിളിച്ചുകൂട്ടി. അത്തനേഷ്യസ് വിപ്രവാസത്തിലായിരുന്ന കാലത്ത് നാലു കത്തുകൾ സെമി-ആര്യനിസത്തിനെതിരേ എഴുതുന്നുണ്ട്. ഈ കാലഘട്ടത്തിൽ റോമിലെ സഭയിൽ കൂടിയ സിനഡുകളിലും ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. പരിശുദ്ധാത്മാവിനെ എതിർത്തിരുന്നവരെ 'പ്നുമാത്തിക്കോയ്' (പരിശുദ്ധാത്മാവിനെ എതിർക്കുന്നവർ) എന്നാണ് വിളിച്ചിരുന്നത്. ഈ സിനഡുകളിൽ ഇത്തരക്കാരെ നിരാകരിക്കുന്നുണ്ട്. കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായിരുന്ന മാസിഡോണിയസ് ആയിരുന്നു ഇതിന്റെ പ്രധാന പ്രചാരകൻ. അതിനാൽ ഈ പാഷണ്ഡതയെ മാസിഡോണിയനിസം എന്നും വിളിക്കാറുണ്ട്. അത്തനേഷ്യസ് 373 ൽ മരിക്കുമ്പോഴും ഈ പ്രശ്നത്തിനു പരിഹാരമായിരുന്നില്ല. അദ്ദേഹത്തിനുശേഷം കപ്പദോസിയൻ പിതാക്കന്മാരായിരുന്നു സെമി-ആര്യനിസത്തെ എതിർത്തുകൊണ്ടിരുന്നത്.

മഹാനായ തെയഡോഷ്യസ് എന്നുകൂടി അറിയപ്പെടുന്ന തെയഡോഷ്യസ് ഒന്നാമൻ 379 ൽ റോമാ ചക്രവർത്തിയായി. തൊട്ടടുത്ത വർഷംതന്നെ 380 ഫെബ്രുവരിയിലായിരുന്നു അദ്ദേഹ



ത്തിന്റെ തെസലോനിക്കാ വിളംബരം. കോൺസ്റ്റന്റൈന്റെ 313 ലെ മിലാൻ വിളംബരംപോലെതന്നെ പ്രസിദ്ധമാണിതും. രണ്ടും ക്രൈസ്തവമതത്തെ വളർത്താനുദ്ദേശിച്ചുള്ളവയായിരുന്നു. ഈ തെസലോനിക്കാവിളംബരംവഴി നിഖ്യാവിശ്വാസപ്രമാണം റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക വിശ്വാസമായി പ്രഖ്യാപിച്ചു. അപ്പസ്തോലപ്രമുഖനായ വി. പത്രോസിന്റെ വിശ്വാസം ഏറ്റുപറയാൻ ഓരോ ക്രിസ്ത്യാനിയും ഇതുവഴി കടപ്പെട്ടിരിക്കുന്നു. തൊട്ടടുത്തവർഷം (381) ആയിരുന്നു കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ്. സത്യവിശ്വാസം ദൃഢപ്പെടുത്തുക എന്ന ലക്ഷ്യമായിരുന്നു ഇതിനും. 392 ൽ തെയഡോഷ്യസ് ക്രൈസ്തവമതത്തിന് അനുകൂലമായി വീണ്ടും നിയമം കൊണ്ടുവരുന്നുണ്ട്. വിജാതീയകലാപരിപാടികൾ ഞായറാഴ്ചകളിൽ പാടില്ല എന്ന നിയമം കൊണ്ടുവന്നു.

381 മേയ് മുതൽ ജൂലൈ വരെയായിരുന്നു സമ്മേളനം. പൗരസ്ത്യറോമാസാമ്രാജ്യത്തിൽനിന്നുള്ള മെത്രാന്മാരേ ഇതിൽ സംബന്ധിച്ചുള്ളൂ. 150 പേരാണ് ഇതിൽ സന്നിഹിതരായത്; അത് നിഖ്യായെക്കാൾ വളരെ കുറവായിരുന്നുതാനും. അന്നത്തെ മാർപാപ്പാ ഡമാസൂസ് ഇതിൽ പങ്കെടുത്തില്ല. ആരെയും പ്രതിനിധികളായി അയച്ചുമില്ല. പകരം പാശ്ചാത്യമെത്രാന്മാർ ആ വർഷംതന്നെ ഒക്ടോബറിൽ ഇറ്റലിയിലെ അക്വീലിയായിൽ സമ്മേളിക്കുകയുണ്ടായി. രണ്ടിലെയും ചർച്ചകളും തീരുമാനങ്ങളും കൃത്യമായി ലഭ്യമല്ല. കോൺസ്റ്റാന്റിനോപ്പിൾ സമ്മേളനത്തിൽ ആദ്യം അധ്യക്ഷത വഹിച്ചത് അന്ത്യോക്യായിലെ പാത്രിയാർക്കീസായ മെലേസിയൂസ് ആയിരുന്നു. തെയഡോഷ്യസ് ചക്രവർത്തിക്ക് ഇഷ്ടപ്പെട്ട ആളായിരുന്നു അദ്ദേഹം. ഗ്രിഗറി നസിയാൻസനും ഇതിൽ സന്നിഹിതനായിരുന്നു. കോൺസ്റ്റാന്റിനോപ്പിൾ രൂപതയിലേക്ക് സെമി ആര്യനായ മാസിഡോണിയസിനു പകരമുള്ള ഗ്രിഗറിയുടെ നിയമനം ഈ കൗൺസിൽ സ്ഥിരീകരിച്ചു. ജറുസലേമിലെ വി. സിറിലിന്റെ *Catecheses Mystagogicae* ആദിമക്രൈസ്തവസാഹിത്യത്തിലെ അമൂല്യഗ്രന്ഥമായി പ്രഖ്യാപിച്ചു. മാസിഡോണിയൻ പക്ഷക്കാരായ 36 പേരെ അവരുടെ തെറ്റിനെക്കുറിച്ചു ബോധ്യപ്പെടുത്തിക്കൊടുക്കാനുള്ള ശ്രമം എന്നാൽ ഇവിടെ പരാജയപ്പെടുകയാണുണ്ടായത്.

മെലേസിയൂസ് താമസിയാതെ മരിച്ചതിനാൽ ഗ്രിഗറി നസിയാൻസൻ ആയിരുന്നു പിന്നീട് സമ്മേളനത്തിൽ ആധ്യക്ഷത വഹിച്ചിരുന്നത്. എന്നാൽ, 'പഴയ നിഖ്യാക്കാർ' എന്ന ലേബലിൽ അറിയപ്പെട്ടിരുന്ന പൗളിനൂസിനെ അന്ത്യോക്യായിലെ മെത്രാനാക്കാനുള്ള ഗ്രിഗറിയുടെ ശ്രമത്തെ കൗൺസിൽ എതിർത്തതിനാൽ ഗ്രിഗറി പിന്നെ അധ്യക്ഷസ്ഥാനത്തു തുടർന്നില്ല. പൗളിനൂസിന്റെ നേതൃത്വത്തിലുള്ള 'പഴയ നിഖ്യാ' ഗ്രൂപ്പിന്റെ ആശയങ്ങൾ കൗൺസിലിനു സ്വീകാര്യമല്ലാതിരുന്നതിനാലാണ് അദ്ദേഹത്തെ എതിർത്തത്. എന്നാൽ, പൗളിനുസിനെ മെത്രാനാക്കിയാൽ ആ ഗ്രൂപ്പ് തിരിച്ചുവരും എന്നുള്ള ഗ്രിഗറിയുടെ നല്ല ചിന്തയ്ക്ക് വിലയില്ലാതായിപ്പോയി. അലക്സാണ്ട്രിയായിലെ മെത്രാനായിരുന്ന തിമോത്തിയാണ് ഗ്രിഗറിയെ എതിർത്തത്. മെലേസിയൂസിന്റെ സുഹൃത്തായിരുന്ന ഫ്ളാവിയനെയാണ് അന്ത്യോക്യാസഭയുടെ തലവനായി കൗൺസിൽ തിരഞ്ഞെടുത്തത്. കോൺസ്റ്റാന്റിനോപ്പിൾ മെത്രാൻ സ്ഥാനത്തുനിന്നു മാറുമ്പോൾ ഗ്രിഗറി നടത്തിയ പ്രസംഗം വളരെ പ്രസിദ്ധമാണ്. തുടർന്നു മെത്രാനായ നെക്താരിയുസാണ് കൗൺസിൽ തീരുന്നതുവരെ അധ്യക്ഷത വഹിച്ചത്.

*(തുടരും)*

---

**കവിത** **അധ്വ. എ. റ്റി. വാളനാട്ട്**

## ഞാൻ - നീ

ഒടുവിൽ നാം കണ്ടപ്പോൾ
എന്നോടു ചൊല്ലി നീ
എന്നെപ്പോലായിരുന്നെങ്കിലെന്ന്
എന്നെപ്പോൽതന്നെയാണല്ലോ നീയെന്നു ഞാൻ
എന്നേ മനസ്സിൽ കുറിച്ചിരുന്നു - ഞാൻ
എന്നേ മനസ്സിൽ കുറിച്ചിരുന്നു.
എൻ മുഖം കാണാൻ ഞാൻ കണ്ണാടി നോക്കണ്ടാ
നിന്നിൽ ഞാൻ കാണുന്നുണ്ടെന്റെ രൂപം
ഞാനെന്നും നീയെന്നുമുള്ളയീ ചിന്തകൾ
അജ്ഞാനമെന്നാലിതല്ലാതെ മറ്റെന്താ-
ണെന്നുള്ള ചോദ്യമെന്നിൽ തുടിച്ചു.
ഒന്നൊന്നായ് തൊട്ടെണ്ണി നില്ക്കുന്ന ദൃക്കുപോൽ
അസ്പന്ദമാണിന്നു നിന്റെയുള്ളം
നില്ക്കട്ടെ, വിശ്വാസം കാക്കട്ടെ നമ്മളെ
നിർത്തട്ടെയീവിധമീശനെന്നും-
നിർത്തട്ടെയീവിധമീശനെന്നും
പുകമഞ്ഞു മൂടിക്കിടന്നതിനാലുള്ളം
തെളിവായിക്കണ്ടിട്ടില്ലേറെ നാളായ് (2)
സഹപാഠീ നാം തമ്മിൽ കാണാനിടതന്ന
സകലേശനോടു ഞാൻ നന്ദി ചൊൽവൂ
ഇന്നു സകലേശനോടു ഞാൻ നന്ദി ചൊൽവൂ

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ഉദാരമായി ദാനം ചെയ്യുന്നവൻ സമ്പന്നനാകും; ദാഹജലം കൊടുക്കുന്നവന് ദാഹജലം കിട്ടും.

സുഭാഷിതങ്ങൾ 11:25

**എഡിറ്റോറിയൽ**

## കശ്മീരിലേറ്റ മുറിവ്

**ഇ**ന്ത്യയുടെ ഹൃദയത്തെ മുറിവേല്പിച്ച് ജമ്മു-കശ്മീരിൽ വീണ്ടും ഭീകരാക്രമണമുണ്ടായിരിക്കുന്നു. 2019 ൽ 40 സൈനികരുടെ ജീവനപഹരിച്ച പുൽവാമ ഭീകരാക്രമണത്തിനുശേഷം രാജ്യത്തെ നടുക്കിയ ഭീകരാക്രമണമാണ് 2025 ഏപ്രിൽ 22 ചൊവ്വാഴ്ച കശ്മീരിൽ പ്രമുഖ വിനോദസഞ്ചാര കേന്ദ്രമായ പഹൽഗാമിലുള്ള ബൈസരണിൽ സംഭവിച്ചത്. സാധാരണക്കാരായ സഞ്ചാരികൾക്കു നേരേയുണ്ടായ ഈ ആക്രമണം അങ്ങേയറ്റം അപലപനീയമാണ്; ശിക്ഷ അർഹിക്കുന്നതുമാണ്.

അനന്ത്നാഗിലെ പഹൽഗാമിലുള്ള ബൈസരണിൽ വിനോദസഞ്ചാരത്തിനെത്തിയ മലയാളിയുൾപ്പെടെയുള്ള 26 നിരപരാധികളാണ് പുൽമേടുകളിൽ പതിയിരുന്ന, ഭീകരരുടെ ആക്രമണത്തിനിരയായത്. 'മിനി സ്വിറ്റ്സർലണ്ട്' എന്നറിയപ്പെടുന്ന സഞ്ചാരികളുടെ പറുദീസയായ പഹൽഗാം തെളിഞ്ഞ ആകാശവും വിശാലമായ പുൽമേടുകളും തിങ്ങിനിൽക്കുന്ന പൈൻമരങ്ങളും കൊണ്ടു സമ്പന്നമായ പ്രദേശമാണ്. കാൽനടയായോ കുതിരപ്പുറത്തോമാത്രം എത്തിച്ചേരാവുന്ന പ്രദേശംകൂടിയാണ്. സവിശേഷതകൾ സഞ്ചാരികളെ ആകർഷിച്ചപ്പോൾ പരിമിതികൾ ഭീകരാക്രമണത്തെ അനുകൂലമാക്കുകയും രക്ഷാപ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു.

സാധാരണക്കാരായ സഞ്ചാരികൾക്കുനേരേയുണ്ടായ ഭീകരാക്രമണവും ഭാരതത്തിനെതിരെയുള്ള യുദ്ധപ്രഖ്യാപനംതന്നെയാണെന്നു മനസ്സിലാക്കി, ഭീകരവാദത്തിന്റെ തന്ത്രം തിരിച്ചറിയുകയും തിരിച്ചടി നൽകുകയും വേണം. ഏറെ തിരക്കിന്റെ നാളിലും തീർത്തും ശാന്തമായിരുന്ന ഒരു പ്രദേശത്തെയും അതിലൂടെ രാജ്യത്തെ മുഴുവനെയും അശാന്തിയിലേക്കു നയിച്ച ഭീകരരുടെ രഹസ്യപദ്ധതികളെയും അതിനു പിന്നിലെ ശക്തികളെയും തകർക്കുകതന്നെ വേണം. പഹൽഗാമിൽ ആക്രമണം നടത്തിയ ഭീകരരെയും ആസൂത്രകരെയും കണ്ടെത്തി അവർക്കു സങ്കല്പിക്കാനാകുന്നതിനപ്പുറമുള്ള ശിക്ഷ നൽകുമെന്നുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രഖ്യാപനം ഇതിനെ ബലപ്പെടുത്തുന്നതാണ്. ഭാരതജനതയുടെ ഇച്ഛാശക്തിക്കുമുമ്പിൽ ഭീകരവാദം തകർന്നടിയുകതന്നെ ചെയ്യുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തപ്പോൾ, നിരവധി പ്രതിസന്ധികളെ ചെറുത്തുതോല്പിച്ച, തോല്പിക്കുന്ന ഇന്ത്യ എന്ന ഒരൊറ്റ രാജ്യത്തിന്റെ ശക്തിവിളംബരമായി അതു മുഴങ്ങുന്നു. വാക്കിൽനിന്നു പ്രവൃത്തിയിലേക്കു കടന്ന രാജ്യനടപടികളുടെ ആദ്യപടിയായി നയതന്ത്രനീക്കങ്ങളും തന്ത്രപരമായ മുന്നേറ്റങ്ങളും ആരംഭിച്ചുകഴിഞ്ഞു.

സഞ്ചാരികളുടെ സ്വർഗമായ ഈ താഴ്വരയെ പഹൽഗാം ആക്രമണത്തിലൂടെ അശാന്തിയുടെയും അരക്ഷിതത്വത്തിന്റെയും അടയാളമായി അവതരിപ്പിക്കും എന്ന ഭീകരലക്ഷ്യത്തെ നാം നേരിടുകതന്നെവേണം. അനുച്ഛേദം 370 പ്രകാരമുള്ള പ്രത്യേകപദവി റദ്ദാക്കിയശേഷം സാധ്യമായ ആതിഥേയത്വത്തിന്റെ നല്ല നാളുകളെ കൂടുതൽ ശ്രദ്ധയോടെ സർക്കാർ സജീവമാക്കണം. കശ്മീർജനതയുടെ ഉപജീവനത്തിന്റെകൂടി മാർഗമായ കശ്മീർവിനോദസഞ്ചാരത്തിനുമേൽ വീണ കരിനിഴലിനെ നീക്കുക എന്നതുകൂടി ഭീകരവാദപ്രതിരോധത്തിന്റെ മാർഗമാക്കണം. മതേതരഭാരതത്തിൽ നടന്ന മതം ഉയർത്തിയുള്ള ഈ ആക്രമണം, മതേതരമൂല്യങ്ങൾ കൂടുതൽ ഉറപ്പിക്കുന്നതിനുള്ള ഓർമപ്പെടുത്തലായി ഗവൺമെന്റും പൗരന്മാരും ഏറ്റെടുക്കണം. മതസ്പർധയുടെ മുറിവുകൾ സൃഷ്ടിച്ചാൽ അനന്തരഫലം അചിന്തനീയമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അതിനാൽ, ഭീകരരുടെ രഹസ്യതന്ത്രത്തിൽ ഭാരതജനത വീഴരുത്. കശ്മീരിലെ ആക്രമണത്തിൽ കൊല്ലപ്പെട്ട മലയാളി, രാമചന്ദ്രന്റെ മകൾ ആരതി, കശ്മീരിൽ തങ്ങളെ സഹായിച്ച മുസാഫിർ, സമീർ എന്നിവരെക്കുറിച്ച് 'എനിക്കു കശ്മീരിൽ സഹോദരങ്ങളെ കിട്ടി' എന്നു പറഞ്ഞ വാക്കുകൾ നമുക്കു പ്രചോദനമാകണം.

തങ്ങൾക്കു മതമുണ്ടെന്ന് ആക്രോശിക്കുന്ന തീവ്രവാദികളെ മതേതര ഇന്ത്യ ശക്തമായി നേരിടുകതന്നെ വേണം. ഇന്ത്യയുടെ തന്ത്രപരമായ ഒരുക്കത്തിനിടയിൽ സുരക്ഷാവീഴ്ചയുടെ പിഴവ് ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയം നന്നല്ല. പിഴ സംഭവിച്ചിട്ടുണ്ടെങ്കിൽ പരിഹാരം തേടുകതന്നെ വേണം, പക്ഷേ, അത് സ്വയം ബലഹീനമാക്കിക്കൊണ്ടാവരുത്. കശ്മീരിനേറ്റ മുറിവുണങ്ങുന്നതിന് ഭാരതജനത ഒറ്റക്കെട്ടായി നിൽക്കണം. അതാവണം മുറിവേല്പിച്ചവനെതിരെയുള്ള ആദ്യത്തെ അമ്പ്. ■

# പഹൽഗാം: അജണ്ടകൾ, ആശങ്കകൾ

*(1-ാം പേജ് തുടർച്ച)*

നിലവിൽ ഇന്ത്യയിൽ തങ്ങുന്ന പാക്കിസ്ഥാനികൾ മടങ്ങിപ്പോകണമെന്നു നിർദേശം നൽകി. പാക്കിസ്ഥാനിലെ ഇന്ത്യൻ എംബസി അടച്ചുപൂട്ടി. ഇന്ത്യയിലെ പാക്കിസ്ഥാൻ ഹൈക്കമ്മീഷനിലെ ഉദ്യോഗസ്ഥരെ പുറത്താക്കി. സിന്ധുനദീജലകരാർ മരവിപ്പിച്ചു. വാഗ, അട്ടാരി അതിർത്തികൾ അടച്ചുപൂട്ടി. ഏതു നിമിഷവും പോരാട്ടത്തിനു തയ്യാറാകണമെന്നുള്ള നിർദേശം സൈന്യത്തിനും കൈമാറിയിട്ടുണ്ട്. 'ഓപ്പറേഷൻ ടിക്ക' എന്ന പേരിലാണ് സൈന്യത്തിന്റെ ഓപ്പറേഷൻ. ഇന്ത്യയുടെയും പാക്കിസ്ഥാന്റെയും 530 കിലോമീറ്റർ നീളമുള്ള അന്താരാഷ്ട്ര അതിർത്തിയിൽ നാല്പത്തെട്ടു മണിക്കൂറിനകം വിളവെടുപ്പു നടത്തണമെന്ന് ബിഎസ്എസ് കർഷകരോട് ആവശ്യപ്പെട്ടിരിക്കുന്നുവെന്ന വാർത്ത പുറത്തുവരുമ്പോൾ അതിർത്തിയിൽ യുദ്ധസന്നാഹമൊരുങ്ങാനുള്ള സാധ്യതയേറെ.

'രക്തവും ജലവും ഒരുമിച്ച് ഒഴുകാൻ കഴിയില്ലെ'ന്ന് 2016 ലെ ഉറി ഭീകരാക്രമണത്തിനു മറുപടിയായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞുവെങ്കിലും അയൽരാജ്യങ്ങളുടെ വെള്ളം മുടക്കാൻ മനുഷ്യത്വത്തിന്റെ പേരിൽ ഇന്ത്യ തയ്യാറായില്ല. പക്ഷേ, ഇക്കുറി കടുത്ത തീരുമാനത്തിലേക്കു രാജ്യം നീങ്ങുമ്പോൾ 1960 ലെ സിന്ധുനദീജലകരാർ റദ്ദാക്കുന്നത് പാക്കിസ്ഥാനിലെ ജനജീവിതത്തെ സാരമായി ബാധിക്കും. ഇന്ത്യയും പാക്കിസ്ഥാനും ലോകബാങ്കിന്റെ മധ്യസ്ഥതയിൽ 1960 സെപ്തംബർ 19 ന് കറാച്ചിയിൽവച്ച് ഒപ്പുവച്ചതാണ് സിന്ധുനദീജല ഉടമ്പടി. മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും പാക്കിസ്ഥാൻ പ്രസിഡന്റ് അയൂബ് ഖാനുമാണ് ഒപ്പുവച്ചത്.

1972 ജൂലൈ 2 ന് ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും പാക്കിസ്ഥാൻ പ്രധാനമന്ത്രി സുൽഫിക്കർ അലി ഭൂട്ടോയും ഒപ്പുവച്ചതാണ് ഷിംല കരാർ. ഇരുരാജ്യങ്ങളും തമ്മിൽ നടന്ന യുദ്ധത്തിൽ പിടിക്കപ്പെട്ട പാക്കിസ്ഥാൻതടവുകാരെ മോചിപ്പിച്ചതും ബംഗ്ലാദേശിന്റെ സ്വാതന്ത്ര്യത്തിനു വഴിതെളിച്ചതും ഈ കരാറാണ്. അതോടൊപ്പം, ഇന്ത്യയ്ക്കും പാക്കിസ്ഥാനുമിടയിലെ നിയന്ത്രണരേഖ ഇരുരാജ്യങ്ങളും ഈ കരാറിൽ അംഗീകരിച്ചു. പക്ഷേ, ഇന്നിപ്പോൾ ഈ നിയന്ത്രണരേഖയും കടന്നുള്ള പാക് അധിനിവേശം തുടരുമ്പോൾ ഭാവിയിൽ പാക്കിസ്ഥാൻ മറ്റൊരു യുദ്ധം ക്ഷണിച്ചുവരുത്താനുള്ള സാധ്യതകളുമേറുന്നു.

**മതഭീകരതയെ വെള്ളപൂശരുത്**

മതംനോക്കി മനുഷ്യരെ കൊലചെയ്ത കൊടുംഭീകരരെ അവർ ഏതു മതത്തിന്റെ വിശ്വാസികളും വക്താക്കളുമാണെങ്കിലും ഭൂമുഖത്തുനിന്നു തുടച്ചുനീക്കണം. ഭീകരവാദത്തെ വെള്ളപൂശി വെളുപ്പിച്ചെടുക്കാനുള്ള രാഷ്ട്രീയനേതൃത്വങ്ങളുടെ വാചകക്കസർത്തുകളിലെ ധാർമികാധഃപതനവും പൊതുസമൂഹം ഈ ദിവസങ്ങളിൽ തിരിച്ചറിഞ്ഞു. മതംനോക്കി തിരിച്ചറിഞ്ഞ് മുസ്ലീം അല്ലാത്തതിന്റെ പേരിൽമാത്രം ജീവനെടുക്കപ്പെട്ടവരാണ് 26 പേരും. എന്നിട്ടും കേരളത്തിലെ വോട്ടുബാങ്ക് രാഷ്ട്രീയത്തിന്റെ അടിമകളായ ഭരണ-പ്രതിപക്ഷനേതാക്കൾ ആവർത്തിച്ചുപറയുന്നത് കശ്മീരിലേത് മതഭീകരതയല്ലെന്നാണ്.

നഷ്ടപ്പെടാൻ ഒന്നുമില്ലാത്ത അധമരാഷ്ട്രീയത്തിന്റെ അവതാരങ്ങളായി സാക്ഷരകേരളത്തിലെ രാഷ്ട്രീയനേതൃത്വങ്ങൾ അധഃപതിക്കുന്നതിന്റെ ഉദാഹരണമാണ് പഹൽഗാമിലെ കൂട്ടക്കൊലയിൻമേലുള്ള നേതാക്കളുടെ വിചിത്രപ്രതികരണങ്ങൾ. മതഭ്രാന്തിനെ വെള്ളപൂശാൻ ശ്രമിക്കുന്ന വൃത്തികെട്ട രാഷ്ട്രീയാടിമത്തത്തിനെതിരെ സാക്ഷരകേരളത്തിന്റെ മനഃസാക്ഷി ഇനിയെങ്കിലും ഉണരണം. തീവ്രവാദത്തിനു മതമില്ലെന്ന് രാഷ്ട്രീയനേതൃത്വങ്ങൾ ആവർത്തിച്ചു പറയുമ്പോഴും തങ്ങൾക്കു മതമുണ്ടെന്നു പറയുകമാത്രമല്ല, അരുംകൊലയുടെ അവസാനം ഭീകരവാദികൾ തങ്ങളുടെ മതം വിളിച്ചുപറഞ്ഞു പ്രഖ്യാപിക്കുന്നതും ലോകമിന്നു നേരിട്ടുകാണുന്നു. മതരാഷ്ട്രമായ പാക്കിസ്ഥാന്റെ ഭീകരാക്രമണങ്ങൾ മതത്തിന്റെ പേരിലല്ലാതെ മറ്റെന്തിന്റെ പേരിലാണ്?

**ആഗോളഭീകരതയുടെ അടിവേരുകൾ**

ആഗോള മതഭീകരതയുടെ അടിവേരുകൾ ആരെയും ഞെട്ടിക്കുന്നതാണ്. കേരളത്തിലും ആശങ്കകളേറുന്നു. മതഭീകരവാദത്തിന്റെ സ്ലീപ്പിങ് സെല്ലുകൾ കേരളത്തിലുണ്ടെന്ന് പൊതുവേദികളിൽ വിളിച്ചുപറഞ്ഞത് സംസ്ഥാനത്തെ മുൻ ഉന്നത പൊലീസ് ഉദ്യോഗസ്ഥരാണ്. യുഎൻ റിപ്പോർട്ടും ഇതാവർത്തിച്ചു ശരിവച്ചു. കശ്മീരിൽ കേന്ദ്രസർക്കാരിന്റെ ഇടപെടലും സാന്നിധ്യവും ശക്തമായപ്പോൾ ഭീകരവാദികളുടെ മറ്റൊരു സുരക്ഷിതതാവളമായി കേരളം മാറിയോയെന്ന ആശങ്കയും ബാക്കിയാകുന്നു. ഇതിനു തെളിവുകളേറെ. അവയിലൊന്നാണ് ഐഎസ് ഭീകരസംഘടനയിലെ മലയാളിസാന്നിധ്യം. മതംമാറി കുടുംബമായി ഭീകരവാദികൾക്കുവേണ്ടി അഫ്ഗാനിസ്ഥാനിൽ അക്രമം അഴിച്ചുവിട്ടവരുടെ ഗണത്തിലും കേരളീയരുണ്ട്. ശ്രീലങ്കയിൽ ഈസ്റ്റർദിനത്തിൽ ക്രൈസ്തവദേവാലയത്തിൽ ബോംബിട്ട് അക്രമം നടത്തിയ ഭീകരവാദസംഘടനയുടെ വേരുകൾ പാലക്കാട്ടും കണ്ടെത്തിയിരുന്നു.

മദ്യവും മയക്കുമരുന്നും ഒഴുക്കി കേരളത്തിന്റെ പുതുതലമുറയെ നാശത്തിലേക്കു തള്ളിവിടുന്ന അജണ്ടയും ഭീകരവാദത്തിന്റെ പുതിയ പതിപ്പാണെന്ന് ഇനിയും കേരളസമൂഹം തിരിച്ചറിയാത്തതെന്ത്? അതിഥിത്തൊഴിലാളികളുടെ മറവിൽ സംസ്ഥാനത്തുടനീളം ഭീകരവാദപ്രസ്ഥാനങ്ങൾ ശക്തിപ്രാപിക്കുന്നതിനെ അധികാരരാഷ്ട്രീയത്തിന്റെയും വോട്ടുബാങ്കിന്റെയും പേരിൽ നിസ്സാരവത്കരിക്കുന്നത് അപകടമാണ്. വഖഫ് ഭേദഗതിക്കെതിരെ കോഴിക്കോട്ടു നടന്ന പ്രതിഷേധറാലിയിൽ ആഗോളഭീകരവാദത്തിന്റെ തലതൊട്ടപ്പന്മാരായ ഹസനുൽബന്ന, സയിദ് ഖുത്തബ് എന്നിവരുടെ ചിത്രങ്ങൾ ഉയർന്നത് കണ്ടില്ലെന്നു നടിച്ചാൽ സമത്വസുന്ദരമെന്നു കൊട്ടിഘോഷിക്കുന്ന സാക്ഷരകേരളം നാളെ മറ്റൊരു കശ്മീരാകും. ആലപ്പുഴയിലുയർന്ന അരിയും മലരും മുദ്രാവാക്യവും കാസർഗോട്ടെ വെല്ലുവിളികളും മലയാളികൾക്കു മറക്കാനാവുമോ? ഗാസയിലെ ഹമാസ് എന്ന ഭീകരപ്രസ്ഥാനത്തെയും അവർ നടത്തുന്ന അക്രമങ്ങളെയും പിന്തുണച്ചവരുടെ നാടാണ് കേരളമെന്ന് ഓർമിക്കണം.

ഇറാക്കിലെ യസീദി ക്രിസ്ത്യാനികളെ കൊന്നൊടുക്കിയതും സിറിയയിൽ കൂട്ടക്കുരുതി നടത്തിയതും ഇസ്ലാമിക് സ്റ്റേറ്റ് എന്ന ഭീകരവാദസംഘടനയാണ്. ലോകസമാധാനം പ്രഘോഷിക്കുന്ന ബുദ്ധസന്ന്യാസികൾക്കു ജീവിക്കാൻവേണ്ടി മ്യാന്മറിൽ അവസാനം തോക്കെടുക്കേണ്ട സാഹചര്യം സൃഷ്ടിച്ചത് രോഹിഗ്യൻ എന്ന ഭീകരക്കൂട്ടമാണ്. ഇവരാണ് അതിഥികളായി കേരളത്തിൽ കടന്നുവന്നിരിക്കുന്നവരിലേറെയും. അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ തകർത്തത് ഒസാമ ബിൻലാദന്റെ അൽക്വയിദയാണ്. അഫ്ഗാനിസ്ഥാനിൽ മതത്തിന്റെ പേരിൽ തലവെട്ടുന്ന താലിബാൻ ഇന്ന് ഭരണം നടത്തുന്നു. ഇന്ത്യൻവിമാനം റാഞ്ചി കാഠ്മണ്ഡുവിൽ വിലപേശിയത് ജയ്ഷെ മുഹമ്മദാണ്. നൈജീരിയയിൽ ഇന്നും ക്രിസ്ത്യാനികളെ കൂട്ടക്കൊല ചെയ്യുന്ന ബൊക്കോ ഹറാമിന് സാമ്പത്തികസഹായം നൽകുന്നത് മധ്യപൂർവരാജ്യങ്ങളാണ്. ഈജിപ്തിൽ 1928 ൽ രൂപംകൊണ്ട മുസ്ലീം ബ്രദർഹുഡിന്റെ വകഭേദങ്ങൾ മതതീവ്രവാദത്തിന്റെ വൈറസ് പടർത്തി വിവിധ രൂപങ്ങളിലും പേരുകളിലും ലോകത്തുടനീളം അനുദിനം വ്യാപിക്കുന്നു. ഇങ്ങനെ മതത്തിന്റെ മറവിലെ ഭീകരവാദം ലോകത്ത് മനുഷ്യക്കൊല ആവർത്തിക്കുമ്പോൾ ഇതിനെതിരെ മനുഷ്യമനഃസാക്ഷി ഉണരുന്നില്ലെങ്കിൽ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെടും.

മതവിശ്വാസത്തിന്റെ മറവിൽ മനുഷ്യജീവൻ അമ്മാനമാടിക്കളിക്കുന്ന ദുഷ്ടശക്തികളെ ഉന്മൂലനം ചെയ്യാൻ അധികാരകേന്ദ്രങ്ങൾക്കും ഭരണസംവിധാനങ്ങൾക്കും സാധിക്കണം. സ്നേഹവും സമാധാനവും സന്തോഷവും പങ്കുവച്ച് ആത്മീയതയിൽ ജനസമൂഹത്തെ കൈപിടിച്ചുയർത്തുന്ന ഉത്തരവാദിത്വം നിർവഹിക്കാൻ വിവിധ മതങ്ങൾക്കും സമുദായങ്ങൾക്കുമാകണം. മതത്തിന്റെ പേരിലുള്ള സംഘടിത വിലപേശലുകളും വിശ്വാസത്തിന്റെ മറവിൽ വികാരമുണർത്തി ജനങ്ങളെ മരണത്തിലേക്കു തള്ളിവിടുന്ന ഭീകരവാദ അജണ്ടകളും ഈ മണ്ണിൽ വളരാൻ ഇനിയും അനുവദിക്കരുത്. ■



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും 1

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

**അ**ടച്ചിട്ട മുറിയിൽ, ലൈറ്റ് പോലും ഇടാതെ, അരണ്ട വെളിച്ചത്തിൽ പുസ്തകം വായിച്ചിരുന്ന പിങ്ക്ളാങ്കി അമ്മ പല പ്രാവശ്യംതന്നെ വിളിച്ചത് അറിഞ്ഞില്ല. ദേഷ്യത്തിൽ വാതിൽ തുറന്ന് അമ്മ ചോദിച്ചു:

"ഐവാനേ, നീ അവിടെ എന്തെടുക്കുകയാണ്? എത്ര നേരമായി നിന്നെ വിളിക്കുന്നു?"

അമ്മ ചെല്ലപ്പേരു മാറ്റി തന്റെ പേരുവിളിച്ചാൽ അപ്പോൾ ഓർക്കണം അമ്മയ്ക്ക് ന്നു തൂത്തുവാരി വൃത്തിയാക്കണം, ഒരു മണിക്കൂർ നേരത്തെ പണിയേയുള്ളൂ എന്നു പറയണം."


എന്തിനാണോ ഇപ്പോൾ ചേട്ടന്റെ മുറി വൃത്തിയാക്കുന്നത്? കൂടുതൽ ചോദിച്ച് അമ്മയെ ദേഷ്യം പിടിപ്പിക്കേണ്ട എന്നു കരുതി അവൻ സിസിലിയാന്റിയുടെ വീട്ടിലേക്കോടി.

ഒരു വളവു തിരിഞ്ഞാൽ വീടായി. ആഴ്ചയിൽ രണ്ടു മൂന്നു ദിവസം അമ്മയെ സഹാ പിങ്ക്ളാങ്കി.

ഒരു മധ്യവർഗക്രിസ്തീയ കുടുംബം. അപ്പൻ ഫിലിപ്പിന് ടൗണിൽ ഒരു കടയുണ്ട്, സൂപ്പർ മാർക്കറ്റ് എന്നൊന്നും പറയാൻ വയ്യ. എന്നാലും ഉപ്പു തൊട്ട് കർപ്പൂരംവരെ അവിടെ കിട്ടും.

അമ്മ ആശ. മൂന്ന് ആങ്ങളമാരുടെ പുന്നാര ആശാമ്മ.

അമ്മവീട്ടുകാർക്ക്, പരമ്പരയായി ക്രിസ്തീയദേവാലയങ്ങൾക്കുവേണ്ടി രൂപങ്ങളുണ്ടാ



ദേഷ്യമാണെന്ന്.

അമ്മയെ ഒറ്റവാക്കുകൊണ്ടു മയക്കാൻ അവനറിയാം.

"എന്റെ ഗോൾഡൻ മദർ, പൊന്നമ്മേ, പുസ്തകം വായിക്കുന്നതിൽ ശ്രദ്ധിച്ചുപോയി, വിളിച്ചതു കേട്ടില്ല."

"മതിമതി, പുന്നാരം, വേഗം താഴോട്ടു വാ."

'അതെന്തിനാ അമ്മേ?'

"എന്തിനാണെന്ന് അറിഞ്ഞാലേ നീ വരുള്ളൂ?'

അമ്മ അത്ര നല്ല മൂഡിലല്ല, അധികം കാര്യങ്ങൾ ചോദിക്കാതെ താഴോട്ടുപോകുന്നതാണു നല്ലത്.

"നീ വേഗം ചെന്ന് സിസിലിയെ ഒന്നു വിളിച്ചോണ്ട് വാ."

"സിസിലിയാന്റിയെ ഫോൺ വിളിച്ചാൽ പോരേ?"

"അവളുടെ ഫോൺ താഴെ വീണു ഡിസ്പ്ലേ പോയി, നന്നാക്കാൻ കൊടുത്തിരിക്കുകയാണ്."

"വരാൻ പറഞ്ഞത് എന്തിനാണെന്ന് ആന്റി ചോദിച്ചാൽ എന്തു പറയണം."

"നിന്റെ ചേട്ടന്റെ മുറി ഒഴിഞ്ഞുകിടക്കുകയല്ലേ? അതൊ യിക്കാൻ ആന്റി വരും.

ഐവാൻ എന്ന പിങ്ക്ളാങ്കി ആശയുടെയും ഫിലിപ്പിന്റെയും ഇളയ മകനാണ്. വയസ്സ് ഒമ്പത്, നാലാം ക്ലാസ്സിൽ പഠിക്കുന്നു. മൂത്തവൻ ഉണ്ണിയെന്നു വിളിപ്പേരുള്ള ബെഞ്ചമിൻ. അവന് 27 വയസ്സ്, കല്യാണം കഴിഞ്ഞു മൈസൂരിൽ ഒരു കോളജിൽ പഠിപ്പിക്കുന്നു. രണ്ടാമത്തേതു പെൺകുട്ടിയാണ് – പൂജ എന്ന പൊന്നു. അവൾക്ക് 24 വയസ്സായി. കെമിസ്ട്രി പിജി അവസാനവർഷം. നമ്മുടെ ഐവാൻ അവന്റെ അമ്മയുടെ നാല്പതാംവയസ്സിലാണ് ഉണ്ടായത്. ആദ്യം എല്ലാവർക്കും ഒരു ഞെട്ടലുണ്ടായെങ്കിലും എല്ലാവരും അവനെ ഓമനിച്ചു പിങ്ക്ളാങ്കി എന്നു വിളിച്ചു. ഒരിടത്തും കേട്ടിട്ടില്ലാത്ത ചെല്ലപ്പേരു വേണമെന്ന് ചേച്ചിക്കായിരുന്നു നിർബന്ധം. നല്ല വെളുത്ത്, റോസ് നിറത്തിലുള്ള അവന്റെ മുഖവും പാദവും വിരലുകളുമൊക്കെ കണ്ടിട്ടാണ് ചേച്ചി അങ്ങനെ വിളിച്ചത്: ക്കുന്ന ജോലിയാണ്. ആ ദേശത്തെ ഒട്ടുമിക്ക ദേവാലയങ്ങളിലും അവരുടെ കൈയാൽ മെനഞ്ഞെടുത്ത രൂപങ്ങളാണ്. മാതാവും ഉണ്ണിയേശുവും ഈശോയും പുണ്യാളന്മാരുമൊക്കെ അവരുടെ കൈതൊട്ടാൽ ജീവനുള്ളതുപോലെ തോന്നിക്കും. ആശാമ്മയ്ക്കും ആ കലാബോധം കിട്ടിയിട്ടുണ്ട്. അമ്മയുടെ അപ്പച്ചനും അമ്മച്ചിയും ഈ ലോകത്തോടു വിടപറഞ്ഞു. ചേട്ടന്മാരായ ജോസിയും ബെന്നിയും ഷാജിയുമാണ് ഇപ്പോൾ ശില്പങ്ങൾ ഉണ്ടാക്കുന്നത്.

പിങ്ക്ളാങ്കി ചെന്നപ്പോൾ സിസിലിയാന്റി തുണി അലക്കുകയായിരുന്നു. ഇട്ടിരുന്ന നെറ്റിയിൽ കൈ തുടച്ചിട്ട് അവർ ചോദിച്ചു: "എന്നാ മോനേ?"

"അമ്മ പറഞ്ഞു ആന്റിയോടു വീട്ടിലേക്കു വരാൻ."

"എന്തിനാണെന്നു പറഞ്ഞോ?"

"ഉണ്ണിച്ചേട്ടായിയുടെ മുറി വൃത്തിയാക്കാനാണ്."

"ആരെങ്കിലും അവിടെ താമസിക്കാൻ വരുന്നുണ്ടോ?"

"അമ്മയുടെ മൂഡ് അത്ര ശരിയല്ല, അതുകൊണ്ടു ഞാൻ ചോദിച്ചില്ല."

"ഞാൻ ഈ തുണി ഒന്നു വിരിച്ചിട്ടു വരാം, മോൻ പൊയ്ക്കോ."

വീട്ടിൽ എത്തിയതും അമ്മ ചോദിച്ചു

"സിസിലി വന്നില്ലേ?"

"ആന്റി തുണി അലക്കുകയാണ്, ഇപ്പോൾ വരും."

ആന്റിയുടെ വീടുവരെ ഓടിപ്പോയിട്ടാണെന്നു തോന്നുന്നു, നല്ല വിശപ്പ്.

"അമ്മേ, എനിക്കു വിശക്കുന്നു, എന്തെങ്കിലും കഴിക്കാൻ തരാമോ?"

"നീ ഒരു പത്തു മിനിറ്റ് ക്ഷമിക്ക്, അമ്മ ചോറു തരാം"

ഗേറ്റു കടന്ന് ഒരു ചെറിയ ലോറി അകത്തേക്കു വന്നു. ലോറിയിൽനിന്ന് ജോസിച്ചായൻ പുറത്തേക്കിറങ്ങി പിറകെ വന്ന കാറിൽ ബെന്നിച്ചായനും ഷാജിച്ചായനും. അമ്മയുടെ ഇച്ചായന്മാരെ പിങ്ക്ളാങ്കിയും ഇച്ചായാ എന്നാണ് വിളിക്കാറ്.

ജോസിച്ചായൻ അമ്മയോടു പറഞ്ഞു:

"ആശാമ്മോ, എന്തെങ്കിലും തണുത്തതു കുടിക്കാൻ എടുത്തോ, ഐവാനേ നിനക്കു സ്കൂൾ ഇല്ലേ?"

"വലിയവധി തൊടങ്ങീല്ലോ."

"അതു ഞാൻ മറന്നു."

അമ്മ അവർക്കു കുടിക്കാൻ എടുക്കാൻ അകത്തേക്കു പോയി. ഇച്ചായന്മാർ വന്നതിന്റെ പിറകേ സിസിലിയാന്റിയും എത്തി.

"സിസിലിയേ, ഉണ്ണിയുടെ മുറിയൊന്ന് അടിച്ചുവാരി തുടയ്ക്കാമോ, ഇച്ചായന്മാർക്ക് അവിടെ കുറച്ചു രൂപങ്ങൾ വയ്ക്കാനുണ്ട്."

രൂപങ്ങൾ എന്നു കേട്ടതും പിങ്ക്ളാങ്കിക്ക് അത് എന്താണെന്ന് അറിയാനുള്ള ആകാംക്ഷയായി.

അവൻ അമ്മയുടെ പിന്നാലെ അടുക്കളയിലേക്കു പോയി

"എന്തു രൂപമാ അമ്മേ, അവിടെ വെക്കുന്നത്, ഉണ്ണീശോയാണോ?"

"മാലാഖമാരുടെയാണെന്നാ പറഞ്ഞത്."

മാലാഖമാർ, ചിറകുള്ള, നമ്മളെ കാത്തുപരിപാലിക്കുന്ന ദൈവദൂതന്മാർ... കുഞ്ഞുപിള്ളേരേ ഇഷ്ടമുള്ളവർ...

ഐവാനു സന്തോഷംകൊണ്ട് വീർപ്പുമുട്ടി...

(തുടരും)

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# ഞാറ്റുവേല

**ഞാ**റ്റുവേല എന്ന പദത്തിന്റെ ശരിയായ അർഥം ധരിച്ചിട്ടുള്ളവർ വിരളമാണ്. ഞാറു നടുമ്പോൾ പാടുന്ന പാട്ട് ഞാറ്റുപാട്ട്. ഇതുപോലെ ഞാറുനടുന്ന വേല (പണി)യാണോ ഞാറ്റുവേല? ആലോചിക്കേണ്ടിയിരിക്കുന്നു! ഞാറ് + വേല = ഞാറ്റുവേല എന്ന നിഘണ്ടുവിലെ പദച്ഛേദം തെറ്റുധാരണയ്ക്കു കാരണമായിട്ടുണ്ടാവണം.

ദ്രാവിഡഭാഷയിൽ സൂര്യന് ഞായർ എന്നും ചന്ദ്രന് തിങ്കൾ എന്നും പറഞ്ഞിരുന്നു. 'ഞായറു മറഞ്ഞേക്കാം തിങ്കളാലല്ലേ' (പെരുന്തച്ചൻ) എന്ന ശങ്കരക്കുറിപ്പിന്റെ കാവ്യശകലത്തിലെ ഞായറിനും തിങ്കളിനും സൂര്യചന്ദ്രന്മാർ എന്ന വിവക്ഷിതവും ഉണ്ടല്ലോ. ഞായറുവേല – ഞായറ്റുവേല – ഞാറ്റുവേല (യകാരലോപം) എന്നാണ് ഞാറ്റുവേല എന്ന പദത്തിന്റെ പരിണാമം.* ഞായർ പടിയുന്ന (വീഴുന്ന) ദിക്ക് പടിഞ്ഞായറും പിന്നെ പടിഞ്ഞാറുമാകുന്നു.

ഞായർ അഥവാ സൂര്യൻ ഒരു നക്ഷത്രത്തിൽ നിൽക്കുന്ന വേല അഥവാ സമയം എന്നാണ് ഞാറ്റുവേലയ്ക്ക് അർഥം. സമയം എന്നർഥമുള്ള വേളയാണ് ഗ്രാമ്യഭാഷയിൽ വേലയാകുന്നത്. ഫലത്തിൽ, വേളയും വേലയും ഒന്നുതന്നെ. അശ്വതി, ഭരണി, കാർത്തിക തുടങ്ങിയ നക്ഷത്രസമൂഹത്തിനു സമീപത്തായി സൂര്യൻ പ്രത്യക്ഷപ്പെടുന്ന സമയത്തിന് യഥാക്രമം അശ്വതി ഞാറ്റുവേല, ഭരണി ഞാറ്റുവേല, കാർത്തിക ഞാറ്റുവേല എന്നെല്ലാം വ്യവഹരിക്കുന്നു. (പകൽ നഗ്നനേത്രങ്ങൾക്ക് നക്ഷത്രങ്ങൾ ദൃശ്യമല്ല.)

സൂര്യന് ഒരു നക്ഷത്രത്തിൽനിന്ന് അടുത്തതിലേക്കു കടക്കാൻ വേണ്ട സമയമായ പതിമ്മൂന്നുദിവസം മുപ്പത്തൊന്നു നാഴിക പതിനെട്ടു വിനാഴിക, സൂര്യൻ ഏതെങ്കിലും ഒരു നക്ഷത്രത്തിൽ സ്ഥിതി ചെയ്യുന്ന സമയം, ഞാറ് പറിച്ചു നടാൻ കൊള്ളാവുന്ന ദിവസം** തുടങ്ങിയ വിവക്ഷിതങ്ങളിൽ ഞാറ്റുവേല എന്ന ശബ്ദം പ്രയോഗിക്കുന്നു. ഞാറ്റുവേലയ്ക്ക് ഞാറ്റുവേല, ഞാറ്റുവേലി എന്നിങ്ങനെ നാമാന്തരങ്ങളും കാണുന്നുണ്ട്. 1993 ൽ പുറത്തിറങ്ങിയ മിഥുനം, 1977 ൽ പുറത്തിറങ്ങിയ ധീരസമീരേ യമുനാതീരേ എന്നീ ചലച്ചിത്രങ്ങളിൽ 'ഞാറ്റുവേലക്കിളിയേ നീ' എന്നു തുടങ്ങുന്ന രണ്ടു വ്യത്യസ്ത ഗാനങ്ങൾ ഒ.എൻ.വി. കുറുപ്പ് രചിച്ചിട്ടുണ്ട്.


*നാരായണമേനോൻ, പി., മലയാളം ഭാഷയും സംസ്കാരവും, എഡിറ്റർ റോയ് മാത്യു എം., കേരള സാഹിത്യ അക്കാദമി, തൃശൂർ, 2021, പുറം – 179.

** സുമംഗല, പച്ചമലയാളം നിഘണ്ടു, ഗ്രീൻ ബുക്സ്, തൃശൂർ, 2016, പുറം – 571.

നോവൽ 12

# കാറ്റിന്റെ മർമരങ്ങൾ

സൂസൻ പാലാത്ര



തന്നെ പഠിപ്പിക്കാൻ അമ്മയ്ക്കുള്ള ജാഗ്രത മനസ്സിലാക്കിയ ലിസി അമ്മയോടുള്ള കൂറും ആദരവും പ്രകടിപ്പിക്കാൻ ഏറെ വീട്ടുജോലികൾ അമ്മയ്ക്ക് ചെയ്തുകൊടുത്തു.

തനിക്കു പഠിക്കണം. വളരെ പാടുപെട്ടിട്ടാണ് പത്താംക്ലാസ്സ് എന്ന കടമ്പ കടന്നുകിട്ടിയത്. അതിനാൽ, തുടർന്നുപഠിക്കണം എന്ന ആഗ്രഹം അവൾ വീട്ടുകാർക്കു മുന്നിൽ സമർപ്പിച്ചതേയില്ല. 'കരയുന്ന കുഞ്ഞിനേ പാലുള്ളൂ' എന്ന മട്ടാണ് ഇപ്പോൾ വീട്ടുകാർക്ക്. ചേച്ചി വാശിപിടിച്ചു പഠിക്കുകയാണ്. റോയിച്ചായൻ കോളജിൽ ചേരാൻ വാശിപിടിച്ചെങ്കിലും നടപ്പായില്ല. പാവം കുറച്ചുനാൾ നാട്ടിൽ ടൈപ്പ് റൈറ്റിങ്ങും ഷോർട്ടുഹാൻഡും പഠിച്ചു. അതിനുള്ള ഫീസുകൊടുക്കാൻ മാർഗമില്ലാതെ കാരാപ്പുഴയപ്പച്ചന്റെ വക്കീലാഫീസിലെ പണിയുംമറ്റുമായി ഒതുങ്ങി. ഇപ്പോൾ ബോംബെയിൽ ചെമ്പൂരാണ്. ജീവിക്കാനും ഇളയത്തുങ്ങളെ പഠിപ്പിക്കാനുമായി നെട്ടോട്ടം ഓടുന്നു.

ഒരു പത്രപ്പരസ്യം കണ്ട് ലാബറട്ടറി ടെക്നീഷ്യൻ കോഴ്സിന് ലിസി അപേക്ഷ അയച്ചു. വലിയ ചെലവൊന്നുമില്ലാതെ പഠിക്കാം. പിന്നെ അവർ പറയുന്ന ക്ലിനിക്കിൽ ജോലി ചെയ്യണം എന്നാണ് വ്യവസ്ഥ.

എന്നാൽ, പേരപ്പന്റെ മകൻ തമ്പിച്ചായൻ സമ്മതിച്ചില്ല. ആ സ്ഥാപനത്തിൽ പഠിക്കാൻ ചെന്ന പലരും വഴിപിഴച്ചുപോയത്രേ. എന്തോ ഗൂഢലക്ഷ്യങ്ങളുള്ള സ്ഥാപനമാണത്.

ലിസിയുടെ അപ്പന്റെ ഒരു ജ്യേഷ്ഠൻ കുര്യച്ചന്റെ മകനാണ് തമ്പിക്കുഞ്ഞ്. തമ്പിയുടെ അമ്മ തമ്പിക്കുഞ്ഞിനു ജന്മം കൊടുത്ത് മൂന്നാംമാസത്തിൽ മരിച്ചുപോയതാണ്.

ആ പാവം പേരമ്മയെ പോരുകാരിയായ വല്യമ്മച്ചി ഒത്തിരി കഷ്ടപ്പെടുത്തിയത്രേ. മുള്ളനാക്കുഴിയിലെ വല്യമ്മ തോട്ടിൽ തുണിയലക്കികൊണ്ടിരിക്കേ പറഞ്ഞതാണിത്.

പേറുകഴിഞ്ഞ് കട്ടിപ്പണി ചെയ്യാറാകാത്ത പെണ്ണിനെക്കൊണ്ട് വല്യകുടത്തിൽ വെള്ളം ചുമ്മിച്ചു. വെള്ളവുമായി നടകയറിയപ്പോൾ ആ പേരമ്മ ഉടുമുണ്ടിൽച്ചവിട്ടി തലയിടിച്ച് തെന്നി വീണു. കുറേദിവസം ജില്ലാശുപത്രിയിൽ മരണത്തോടു മല്ലിട്ടു. പിന്നെ മരണത്തിനു കീഴടങ്ങി. വീഴ്ചയുടെ ആഘാതത്തിൽ തലയ്ക്കും ഗർഭപാത്രത്തിനും ക്ഷതമേറ്റിരുന്നു. അതായിരുന്നത്രേ മരണകാരണം.

ഉണിച്ചി എന്ന ആ അമ്മ ജീവിതം മരണത്തിനു തീറെഴുതിക്കൊടുത്തപ്പോൾ, അക്ഷരാർത്ഥത്തിൽ തമ്പിക്കുഞ്ഞ് അനാഥനായി. തമ്പിക്കുഞ്ഞിനെ ഒന്നു കാണാൻപോലും വല്യമ്മച്ചി ആ അമ്മവീട്ടുകാരെ സമ്മതിച്ചില്ല.

ലിസിയുടെ അമ്മയെ കെട്ടിക്കൊണ്ടുവരുമ്പോൾ തമ്പിച്ചന് ഒന്നരവയസ്സ്. അമ്മയാണ് പിന്നീട് തമ്പിച്ചന്റെ സ്വന്തം അമ്മയുടെ സ്ഥാനം നല്കി വളർത്തിയത്.

അമ്മയ്ക്കന്നു പതിനേഴു വയസ്സ് മാത്രം. അമ്മായിയമ്മപ്പോരും, കൊച്ചുനാത്തൂന്റെ സ്വാർത്ഥതയും, വലിയവീട്ടിലെ അന്തമില്ലാത്ത ജോലികളും തമ്പിക്കുഞ്ഞിന്റെ ശാഠ്യങ്ങളും ഇച്ചാച്ചന്റെ നിരുത്തരവാദപരമായ പെരുമാറ്റങ്ങളും അമ്മയെ സങ്കടക്കടലിലാഴ്ത്തി. തമ്പിച്ചായനെപ്പോലെ അമ്മച്ചിയും ഉറക്കത്തിൽ നിലവിളിക്കാൻ തുടങ്ങി.

'പാറപ്പുറത്തച്ചനെക്കൊണ്ട് ബാധയൊഴിപ്പിക്കാൻ, കാരാപ്പുഴയമ്മച്ചി അമ്മയെ കൊണ്ടുപോയി. ആ ദിവസങ്ങളിൽ മാത്രമാണ് അമ്മ സമാധാനം എന്തെന്നറിഞ്ഞത്. വേദപാഠധ്യാനവും വിശ്രമവും ഭക്ഷണവും. അല്ലലില്ലാത്ത ആ ദിവസങ്ങളിൽ അമ്മ സമാധാനത്തോടെ യഥേഷ്ടം ഉറങ്ങി.

കാരാപ്പുഴയമ്മച്ചി പറഞ്ഞു: 'കുഞ്ഞന്നാമ്മയ്ക്ക് ഒരു കുഴപ്പോമില്ല, അവളെയിട്ട് ഒത്തിരി കഷ്ടപ്പെടുത്താണ്ടിരുന്നാ മതി. വിശപ്പിന് ആഹാരോം കൊടുക്കണം. അതു പിന്നെയമ്മച്ചി കൊടുക്കുമെന്നറിയാം, ഞാൻ സ്വന്തം മോളായിട്ടുംകൂടെ എന്നെയിട്ടൊരുപാടു കഷ്ടപ്പെടുത്തിയതല്ലേ?

"എന്നാ ഞങ്ങളൊരു ചില്ലലമാര പണിത് അവളെ അതിലങ്ങിരുത്താം, ഒരും പണീം ചെയ്പ്പിക്കാതെ."

'നിങ്ങളു നിങ്ങടെ സൗകര്യം പോലെ ചെയ്യ്. പാറപ്പുറത്തച്ചൻ പറഞ്ഞത് ഞാനങ്ങു പറഞ്ഞെന്നേയുള്ളൂ, കുര്യച്ചനെക്കൊണ്ട് ഒരു പെണ്ണുകെട്ടിച്ചിട്ട് തമ്പിക്കുഞ്ഞിനെ അവരെയേല്പിക്ക് അതാ അതിന്റെയൊരു ചേല്."

ഏറെക്കാലം കഴിയുംമുമ്പേ, നേഴ്സിങ് പഠിച്ച അതിസുന്ദരിയായ ഒരു പെണ്ണിനെ സുന്ദരനായ കുര്യച്ചനെക്കൊണ്ട് കെട്ടിച്ചു.

സ്വഭാവശുദ്ധിയുള്ള നല്ലൊരു പെണ്ണാണ് ആ നേഴ്സമ്മ. അമ്മയ്ക്കും ആ ചേട്ടത്തിയമ്മയെ ഇഷ്ടമായി.

നാലുപെൺമക്കളുള്ള ഒരു വീട്ടിലെ രണ്ടാമത്തെ പെണ്ണാണ് അമ്മിണിക്കുട്ടി. മൂത്തവൾ റ്റീച്ചറാണ്, കുടുംബം നോക്കുന്നത്. അപ്പൻ ഒരു അഞ്ചൽപ്യൂണാണ്. ഒരഞ്ചലോട്ടക്കാരന്റെ ശമ്പളം കൊണ്ട് മക്കളെ പഠിപ്പീരോ, കെട്ടിച്ചയയ്ക്കലോ നടത്താൻ പറ്റില്ല, ശമ്പളം തീരെ കുറവാണ് കിട്ടുന്നത്.

അമ്മിണിക്കുട്ടിയുടെ രണ്ടനിയത്തിമാർ പഠിക്കുന്നു. അവരെയും പഠിപ്പിച്ച് നേഴ്സുമാരാക്കാനാണ് ആ അപ്പന്റെ ആഗ്രഹം.

വലിയ വീടും പത്രാസും മലേഷ്യാ, ഓസ്ട്രേലിയാ ബന്ധങ്ങളുമൊക്കെവച്ചാണ് പഠിപ്പും മുഖശ്രീയുമുള്ള നല്ലൊരു പെണ്ണിനെ രണ്ടാം ഭാര്യയായി കിട്ടിയതെന്ന് നാട്ടുകാർ അമ്മയുടെ ചെവിയിൽ 'അടക്കം' പറഞ്ഞു.

കുര്യച്ചൻ ഉണിച്ചിയെ പള്ളിയിൽപ്പോലും ഒപ്പം കൊണ്ടുപോയിട്ടില്ലെന്ന്. പകൽ മുഴുവൻ വീട്ടിലെ ജോലികളെല്ലാം ചെയ്ത് രാത്രിയിൽ വെട്ടിയിട്ട വാഴപ്പിണ്ടിപോലെ കിടന്നുറങ്ങുന്ന ഉണിച്ചിയെ കുര്യച്ചൻ ഗൗനിച്ചതേയില്ല. നാലഞ്ചു വർഷം കഴിഞ്ഞാണ് അവർക്ക് തമ്പിക്കുഞ്ഞ് ജനിച്ചത്.

അമ്മിണിക്കുട്ടിയെ കുര്യച്ചന് വലിയ ഇഷ്ടമാണ്. അമ്മിണിക്കുട്ടിയെ അടുത്തുകാണുമ്പോൾ കുര്യച്ചന്റെ മുഖത്ത് നാണം കലർന്ന ഒരു ഗൂഢസ്മിതം മൊട്ടിടും. അതു കാണാൻ എന്തൊരു ചേലാണ്! അധികം സംസാരിക്കാത്ത കുര്യച്ചൻ കുടുംബത്തിലെ മറ്റു യാതൊരു കാര്യത്തിലും ഇടപെട്ടില്ല. ഉറക്കവും വിശ്രമവും സായാഹ്നസവാരിയും സായാഹ്നത്തിലെ കുളിയും ഞായറാഴ്ചയിലെ പള്ളിയിൽപോക്കും മാത്രമാണ് അദ്ദേഹം ആകെ ചെയ്യുന്ന ജോലി.

ഉച്ചയൂണും കറികളും വെന്താലുടനെ, വീട്ടിലെ സർവരുടെയും വസ്ത്രങ്ങൾ കാരവെള്ളത്തിലും സോപ്പുപൊടിയിലുമായി മുക്കിവച്ചിട്ട് അതൊരു പാളയിൽക്കെട്ടി അമ്മയുടെ തലയിൽ വച്ച് വല്യമ്മച്ചി ഉച്ചതിരിയുന്നതിനുമുമ്പ് തോട്ടിലേക്കയയ്ക്കും. ഇതു കാണുമ്പോൾ മുള്ളനാക്കുഴിയിലെ വല്യമ്മ പറയും: ആ ഉണിച്ചിപ്പെണ്ണിനെ അവരിട്ടു കഷ്ടപ്പെടുത്തിയതുപോലെയാണ് കുഞ്ഞന്നാമ്മയെയും. കഷ്ടമുണ്ട്. ഞങ്ങളുടെ ആൾക്കാർ വീട്ടിൽ വന്നുകയറുന്ന പെണ്ണുങ്ങളെ ഇങ്ങനെ നരകിപ്പിക്കാറില്ല."

അമ്മ ആരെക്കുറിച്ചും ഒരിടത്തും കുറ്റംപറയാറില്ല. തിരിച്ചും മറിച്ചും ആരെങ്കിലും പറഞ്ഞ് അമ്മായിയമ്മയുടെ ചെവിയലറിഞ്ഞാലത്തെ പുകില് പറയേണ്ടല്ലോ! അതുകൊണ്ട് മിണ്ടാതെനിന്ന് ചിരിക്കുകമാത്രം ചെയ്യും. കുര്യനപ്പച്ചനെയും അമ്മിണിക്കൊച്ചമ്മയെയും അമ്മയ്ക്ക് ഒത്തിരി ഇഷ്ടമാണ്. അവരിരുവരും വീട്ടുജോലിയൊന്നും ചെയ്തില്ലേലും നല്ല വാക്കുകളും നല്ല ചിരിയുംകൊണ്ട് അമ്മയുടെ മനസ്സിനെ കീഴടക്കി.

നയാപൈസ സ്ത്രീധനം വാങ്ങാതെയാണ് സൗന്ദര്യോം വിദ്യാഭ്യാസോമുള്ള പെണ്ണിനെ ജോലിയൊന്നുമില്ലാത്ത കുര്യച്ചനെക്കൊണ്ടു കെട്ടിച്ചത്.

കുര്യച്ചനും അമ്മിണിക്കുട്ടിക്കും സസന്തോഷം ജീവിക്കാൻ വേണ്ടതെല്ലാം വല്യപ്പച്ചൻ ചെയ്തുകൊടുത്തു. മലബാറിൽ അവർക്കൊരു മെഡിക്കൽ ഷോപ്പിട്ടു കൊടുത്ത് അവരെയങ്ങോട്ടു മാറ്റി.

എന്നാൽ, തമ്പിക്കുഞ്ഞിനെ അവർ അമ്മയ്ക്കുതന്നെ കൊടുത്തു. ബേവിച്ചന്റെ കുഞ്ഞന്നാമ്മപ്പെണ്ണു നോക്കുന്നതുപോലെ ആരു നോക്കും? തമ്പിച്ചെറുക്കൻ ഇവിടെ നിയ്ക്കട്ടേ എന്ന അന്ത്യശാസനം വല്യമ്മച്ചി നല്കി.

മാറിത്താമസിച്ചപ്പോളും ഇച്ചാച്ചൻ സ്വന്തം മകനെന്ന വിധം തമ്പിക്കുഞ്ഞിനെയൂട്ടി പരിപാലിച്ചു. രാവിലെ പങ്കീടെ കടേന്ന് തമ്പിച്ചന് മൂന്നുദോശ പതിവായി മേടിച്ചുകൊടുത്തു. മെലിഞ്ഞസ്ഥിയായിരിക്കുന്ന തമ്പിച്ചന് അമ്മ പതിവായി ഓരോ കോഴിമുട്ടയും ഓരോഗ്ലാസ്സ് പാലുംകൊടുത്തുപോന്നു. തമ്പിക്കുഞ്ഞിന്റെ അന്തിയുറക്കം തറവാട്ടിൽത്തന്നെയാണെങ്കിലും എല്ലാനേരവും തമ്പിക്കുഞ്ഞിനൂടെ പാത്രംവച്ച് അമ്മ ആഹാരംവിളമ്പി. സമയത്തു കണ്ടില്ലെങ്കിൽ, തമ്പിച്ചൻ അലമാരയിൽ തനിക്കായി മൂടിവച്ചിരിക്കുന്ന ഭക്ഷണമെടുത്ത് അനുവാദം ചോദിക്കാതെ കഴിക്കും.

തമ്പിക്കുഞ്ഞ് സ്വന്തം പിതാവിനെപ്പോലെതന്നെ വീട്ടുകാര്യങ്ങളിൽ അലസത കാണിച്ചു. വല്യമ്മച്ചിയുടെ ഭാഷയിൽ പ്പറഞ്ഞാൽ 'ബൂമിയെക്കുനിഞ്ഞ് പുല്ലു പറിക്കാത്തവനായി'

തമ്പിച്ചൻ തീർത്തു പറഞ്ഞു: "വേണ്ടാ ബേബിപ്പാപ്പാ, ലിസിക്കുട്ടിയെ ഇവിടെ, ലാബറട്ടറി പഠിപ്പിക്കണ്ടാ, ലാബറട്ടറി ടെക്നീഷ്യൻ കോഴ്സ് പഠിക്കാൻ ഗവർമെന്റിൽ കിട്ടിയാൽ നല്ലതാണ്."

പിന്നെയെന്താണ് പഠിക്കേണ്ടത്? ഇവിടെയിങ്ങനെ ചാണകോം വാരി, പശൂംമൂത്രോം കോരി എത്ര കാലമാ? തറവാട്ടുകാരുടെ 'വിടുപണി' – കൂലിയില്ലാവേല ഇനി പറ്റില്ല. മേഴ്സിയെപ്പോലെ ഒരുങ്ങിനടക്കണം. 'കർത്താവേ ഒരു വഴി കാണിച്ചുതാ' ലിസി കണ്ണടച്ച് കൈകൾ കൂപ്പി ദൈവത്തോടു യാചിച്ചു.

പിറ്റേന്ന് ചാക്കോച്ചൻ വന്നത് ഒരു സദ്വാർത്തയുമായാണ്: "കൊച്ചമ്മേ, നമ്മുടെ ചിറത്തലാട്ടുകാര് ദുബൈയിൽ ഒരു കൺസ്ട്രക്ഷൻകമ്പനി തുടങ്ങുന്നു. ഗ്രൂപ്പ് വിസായിൽ കുറേപ്പേരെ കൊണ്ടുപോകുന്നുണ്ട്. ഞങ്ങളല്ലേ, ദുബൈൽ എല്ലാ സഹായവും അവർക്കു ചെയ്തുകൊടുക്കുന്നത്, ഞാൻ ലിസിമോളുടെ കാര്യം പറഞ്ഞിട്ടുണ്ട്, അവളെ എളുപ്പം ഡബിൾ ടൈം എടുത്ത് ഇംഗ്ലീഷ് ടൈപ്പിംഗ് പഠിപ്പിക്ക്, ബാക്കി ഞാനേറ്റു."

ലിസിക്ക് പഠിക്കാൻ അവസരം കിട്ടി. പക്ഷേ, പഠിക്കാൻ ഫീസ് വേണം.

അമ്മ പറഞ്ഞു: ''നമുക്ക് വടക്കേടത്തെ വല്യമ്മ വരുമ്പം ഒന്നു പറഞ്ഞുനോക്കാം."

ആയമ്മയുടെ മകന് പത്തമ്പലത്ത് നല്ലനിലയിൽ നടന്നുപോരുന്ന ഒരു വിദ്യാഭ്യാസസ്ഥാപനമുണ്ട്. വെള്ളാപ്പള്ളിയിലെ വല്യമ്മയുടെ മകൻ കുഞ്ഞിരാമൻ എന്നു വിളിക്കുന്ന ശ്രീരാമൻ സാർ നല്ല നിലയിൽ നടത്തുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ടാണത്. അവിടെയാണ് മേഴ്സി പഠിക്കുന്നത്.

കുറേക്കാലമായി വല്യമ്മ തന്റെ അമ്മയെ ഉപദേശിക്കാൻ തുടങ്ങിയിട്ട്: "എന്റെ മകനൊന്നു വാ, കുഞ്ഞുരാമൻ വരുമ്പം ഞാനറീക്കാം. ഞാനവനോട് എല്ലാ കാര്യവും പറഞ്ഞിട്ടുണ്ട്, അവൻ ഫീസൊക്കെ ഇളച്ചുതരും, ഒന്നുരണ്ടു പിള്ളേരെ യാതൊരു ഫീസും വാങ്ങാതെ അവൻ പഠിപ്പിക്കുന്നുമുണ്ട്. എന്റെ ശിവൻകുട്ടിയുടെ മകൾ ഉമയും ഇവിടുത്തെ ലിസിക്കുട്ടിയും ആശാൻകളരിമുതൽ ഒന്നിച്ചു പഠിച്ചുവന്നതല്ലേ.

ശേഷം 12-ാം പേജിൽ

# ഭീകരവാദത്തിനെതിരെ രാജ്യം ഒന്നിക്കണം



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

ഏപ്രിൽ 22-ാം തീയതി ജമ്മുകശ്മീരിലെ പഹൽഗാമിലുണ്ടായ ഭീകരാക്രമണം രാജ്യത്തിന്റെ ആത്മാവിനും ആത്മാഭിമാനത്തിനുമേറ്റ ആഴത്തിലുള്ള മുറിവാണ്. ഒരു പ്രദേശവാസിയും 25 വിനോദസഞ്ചാരികളും ആക്രമണത്തിൽ കൊല്ലപ്പെട്ടുവെന്നാണ് റിപ്പോർട്ട്. ആൾത്തിരക്കുള്ള വിനോദസഞ്ചാരകേന്ദ്രത്തിലാണ് വെടിവയ്പ് നടന്നത്. എ.കെ. 47 പോലുള്ള മാരകപ്രഹരശേഷിയുള്ള തോക്കുകളുമായി അഞ്ചു ഭീകരർ കൂട്ടക്കൊലയ്ക്കു പിന്നിൽ പ്രവർത്തിച്ചുവെന്ന് ദൃക്സാക്ഷികൾ മൊഴി നൽകി. അവരെ സഹായിച്ച ഇരുപതിലധികം പേരെ അന്വേഷണസംഘം കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. മതത്തിന്റെ പേരിലാണ് ക്രൂരകൃത്യം നടന്നതെന്നു കരുതപ്പെടുന്നു. മരിച്ചവരിലധികവും ഒരു മതത്തിൽപ്പെട്ടവരത്രേ. പാക്കിസ്ഥാൻകേന്ദ്രീകൃതമായ ഒരു ഭീകരസംഘടന ഭീകരാക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു രംഗത്തുവന്നു.

പാക്കിസ്ഥാൻ ഭീകരപ്രവർത്തനത്തിന്റെ ഫാക്ടറിയാണെന്നു വിശ്വസിക്കുന്നവർ കുറവല്ല. അവരുടെ വിശ്വാസത്തെ ഉറപ്പിക്കുന്ന ഗൂഢാലോചനകളും കൂട്ടക്കൊലകളുമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഭീകരർ നുഴഞ്ഞുകയറുന്നതും അഭയം തേടുന്നതും പാക്കിസ്ഥാൻ അതിർത്തിവഴിയാണെന്നു തെളിയിക്കപ്പെട്ടിട്ടുള്ളതിനാൽ പാക്കിസ്ഥാൻ പ്രതിസ്ഥാനത്തുതന്നെയാണ്. ഭീകരപ്ര



വർത്തകരെ വകവരുത്താനുള്ള രാജ്യത്തിന്റെ ഉറച്ച തീരുമാനത്തിന്റെ ഭാഗമായിട്ടാണ് പാക്കിസ്ഥാന്റെമേൽ ഇന്ത്യ കടുത്ത നിയന്ത്രണങ്ങളും നിരോധനങ്ങളും ഏർപ്പെടുത്തിയത്. പാക്കിസ്ഥാൻ നയതന്ത്രപ്രതിനിധികളെയും പൗരന്മാരെയും രാജ്യം പുറത്താക്കി. 1960 ൽ ഉണ്ടാക്കിയ ജലം പങ്കുവയ്ക്കാനുള്ള ഉടമ്പടി റദ്ദാക്കി. അതിർത്തി അടച്ച് സൈനികശക്തി ബലപ്പെടുത്തി. അതിനോടുള്ള പ്രതികരണമെന്ന നിലയിൽ 1972 ലെ സിംല കരാർ ഉൾപ്പെടെ റദ്ദാക്കി പാക്കിസ്ഥാൻ സ്വന്തം നില കൂടുതൽ പരുങ്ങലിലാക്കി.

ഭീകരവാദത്തെ മതവുമായി കൂട്ടിക്കലർത്തി രാഷ്ട്രീയമുതലെടുപ്പു നടത്താൻ പാടില്ല. യഥാർഥ മതവിശ്വാസികൾക്കു ഭീകരപ്രവർത്തനവുമായി സഹകരിക്കാനോ അതിനെ അംഗീകരിക്കാനോ സാധ്യമല്ല. മതമില്ലാത്തവരും മനുഷ്യത്വം മരവിച്ചവരും മതാന്ധത ബാധിച്ചവരും ചോര കണ്ട് ആനന്ദിക്കുന്നവരും സമാധാനവിരോധികളും വികസനവും രാഷ്ട്രപുരോഗതിയും അട്ടിമറിക്കുന്നവരുമാണ് ഭീകരവാദികൾ. നീതിനിഷേധങ്ങൾക്ക് ഇരയായവരാണ് ഭീകരവാദത്തിലേക്കെത്തുന്നതെന്ന ഇരവാദവുമായി പ്രത്യക്ഷപ്പെടുന്നവരെയും ഭീകരപ്രസ്ഥാനത്തിന്റെ സഹകാരികളായിക്കണ്ട് ഒറ്റപ്പെടുത്തണം.

ഭീകരവാദികൾ ഏതെങ്കിലും തെറ്റായ വിശ്വാസധാരകളിലോ പ്രത്യയശാസ്ത്രങ്ങളിലോ പെട്ടവരും മനോനിലയിൽ വ്യതിചലനം സംഭവിച്ചവരുമാണ്. ഭീകരാന്തരീക്ഷം സൃഷ്ടിച്ചു ഭയപ്പെടുത്തിയും അട്ടിമറികളും കൂട്ടക്കൊലപാതകങ്ങളും നടത്തി ശക്തി തെളിയിച്ച് എല്ലാവരെയും കീഴ്പ്പെടുത്തിയും താത്കാലികമേൽവിലാസമുണ്ടാക്കുന്ന സാമൂഹികവിരുദ്ധശക്തികളാണ് ഭീകരവാദികൾ. അത്തരക്കാർക്കെതിരെ ലോകം മുഴുവൻ ഒന്നിക്കണം. ഭീകരപ്രവർത്തനം എവിടെ സംഭവിച്ചാലും അത് അവിടെ മാത്രം ഒതുങ്ങുന്ന കാര്യമല്ല. വെള്ളപ്പൊക്കംപോലെയോ കൊടുങ്കാറ്റുപോലെയോ അല്ല ഭീകരപ്രവർത്തനത്തിന്റെ വ്യാപ്തി. അത് അകാരണമായി എവിടെ വേണമെങ്കിലും എപ്പോൾ വേണമെങ്കിലും സംഭവിക്കാം. ജാഗ്രതയും കടുത്ത നടപടികളുമാണ് പരിഹാരമാർഗം.

ഭീകരപ്രസ്ഥാനങ്ങൾ ആകാശത്തുനിന്നു പൊട്ടിവീഴുന്നതോ ഭൂമിയിൽനിന്നു മുളച്ചുപൊങ്ങുന്നതോ അല്ല. അതു ചില പ്രത്യേക സാമൂഹികരാഷ്ട്രീയ പശ്ചാത്തലങ്ങളിൽ തല പൊക്കുന്നതാണ്. അതിന്റെ ഗുണഭോക്താക്കളും പ്രചാരകരും സംരക്ഷകരും നിർഭാഗ്യവശാൽ രാഷ്ട്രീയ നേതൃത്വംതന്നെയാണ്. രാഷ്ട്രീയനേട്ടങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്ന വിമത,വിഘടനശക്തികളാണ് കാലക്രമത്തിൽ ഭീകരപ്രസ്ഥാനങ്ങളായി മാറുന്നത്. അത്തരം പ്രസ്ഥാനങ്ങളെ മുളയിലേ നുള്ളിക്കളയണം. ഭരണകൂടങ്ങൾക്കുമാത്രമാണ് അതിനുള്ള അധികാരവും ശക്തിയും.

അതിർത്തി കടന്നുവരുന്ന ഭീകരപ്രസ്ഥാനങ്ങളെയും രാജ്യത്തിനുള്ളിൽ വേരോട്ടമുള്ള പ്രസ്ഥാനങ്ങളെയും ഉരുക്കുമുഷ്ടിയോടെ സർക്കാർ നേരിടണം. ഭീകരവാദികൾക്കു മതതാത്പര്യങ്ങളും രാഷ്ട്രീയ അജണ്ടകളുമുണ്ടാകാം. എന്നാൽ, അവരെ അമർച്ച ചെയ്യുന്നതിന് മതവും രാഷ്ട്രീയവും പ്രാദേശികചിന്തകളുമൊന്നും തടസ്സമാകരുത്. ഭീകരതയ്ക്കെതിരെ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്ന പ്രധാനമന്ത്രിയുടെ കരങ്ങൾക്കു ശക്തി പകരുന്നത് രാജ്യസ്നേഹത്തിന്റെ ഭാഗമാണ്. ഇതുപോലൊരു പ്രതിസന്ധിയിൽ സുരക്ഷാവീഴ്ചയെക്കുറിച്ചുള്ള ചർച്ച അപ്രസക്തമത്രേ.

■

# കാറ്റിന്റെ മർമരങ്ങൾ

11-ാം പേജ് തുടർച്ച

പോരാഞ്ഞിട്ട്, എന്റെ ശിവങ്കുട്ടിയും ഇവിടത്തെ ബേബിച്ചനും അതുപോലെ പഠിച്ചും കളിച്ചും വഴക്കിട്ടും വളർന്നുവന്നവരാണ്. എന്റെ ശിവൻ കെട്ടിക്കോണ്ടുവന്ന പെണ്ണില്ലേ, അംബുജം, അവളെ കാണുന്നതുപോലെയാ ഞാൻ കുഞ്ഞിനെക്കാണുന്നതും."

ആ അമ്മയുടെ നല്ല മനസ്സാക്ഷിയെക്കുറിച്ച് അമ്മ നൂറുനാവുകളോടെ സംസാരിച്ചു.

അമ്മയും ഇച്ചാച്ചനും പതിവായി വെളുപ്പിനെ മൂന്നുമണിക്കെഴുന്നേറ്റ്, നാലാം യാമാരംഭത്തിൽ പ്രാർഥിച്ചാൽ കർത്താവ് പ്രാർഥനകേൾക്കുമത്രേ. പാട്ടുപാടി ദൈവത്തെ സ്തുതിച്ചാണ് പ്രാർഥിക്കുക. മക്കൾക്കുവേണ്ടി ജാഗ്രതയോടെ പ്രാർഥിച്ചിട്ട് വീണ്ടും ഉറങ്ങും, ആറുമണിവരെ.

വൈകിട്ട് കൃത്യം ഏഴുമണിക്ക് കുടുംബപ്രാർഥനയുണ്ട്. പാട്ടുപാടി, എല്ലാവരുംകൂടെ ചേർന്ന് ബൈബിൾ വായിച്ച് സഭാപ്രകാരമുള്ള സന്ധ്യാനമസ്കാരവും സൂത്താറാനമസ്കാരവും നടത്തിക്കഴിഞ്ഞാലുടനെ അത്താഴം വിളമ്പും. അത്താഴം കഴിച്ച് മക്കൾ പഠിക്കും. പകലത്തെ അധ്വാനഭാരംകൊണ്ടവശരായ അപ്പനുമമ്മയും കിടന്നുറങ്ങും.

കാലത്ത് എഴുന്നേല്ക്കുമ്പോൾമുതൽ അമ്മയ്ക്കു പിടിപ്പതു പണിയുണ്ട്. കറവയാടും കറവപ്പശുവുണ്ട്. തറവാട്ടിലെ പറമ്പിൽനിന്ന് ഒരുതലപ്പുല്ലു നുള്ളാനോ, വിറകെടുക്കാനോ അനുവാദമില്ല.

അയലത്തുകാർ ആടുമാടുകളെ വളർത്താറില്ല. അവരുടെ സ്ത്രീകൾ സൊറ പറഞ്ഞിരിക്കുന്ന സമയമെല്ലാം അവരുടെ പറമ്പുകളിലെ പുല്ലും വിറകും എടുത്തുകൊണ്ട്, അവരെ മുഷിപ്പിക്കാതെ അമ്മ കഷ്ടപ്പെടും. വെറുതെയല്ല, അവരുടെ കൃഷി ആവശ്യങ്ങൾക്കുള്ള ചാണകം സൗജന്യമായി കൊടുക്കും; ഇടയ്ക്കൊക്കെ പാലും മോരും കൊടുക്കും.

അമ്മച്ചിയുടെ ചിട്ടയായ ജീവിതം അയൽക്കാർക്കും ഒരു മാതൃകയാണ്. വെളുപ്പിനെയെഴുന്നേറ്റ് ആടിനെ കറന്ന്, ആട്ടിൻ പാലൊഴിച്ച കാപ്പി എല്ലാവരെയും കുടിപ്പിക്കും. സാജനും സുമയ്ക്കും ആട്ടിൻപാലിഷ്ടമല്ല. അമ്മ തല്ലി കുടിപ്പിക്കും. അവർക്ക് ശ്വാസംമുട്ടലും കഫക്കെട്ടും വരാതിരിക്കാൻ. അപ്പൻ പശുവിനെ കറക്കും. കറന്നു കിട്ടുന്ന പാലിൽനിന്ന് വീട്ടിലേക്കുള്ളത് കൃത്യമായി മാറ്റിവച്ചിട്ട് ബാക്കി വീട്ടിൽ പതിവായി പാലുവാങ്ങിക്കാൻ വരുന്നവർക്കും ബാക്കി ചായക്കടയിലും കൊടുക്കും. വീട്ടിൽവന്ന് പാലുവാങ്ങുന്നവരുടെ പണം കൊണ്ട് വീടുനടത്താനും അമ്മയുടെ കുഞ്ഞുചിട്ടിയടയ്ക്കാനുമെടുക്കും. ആ ചിട്ടിപ്പണം സ്വരൂപിച്ച് സുമയ്ക്ക് ഒരു കമ്മൽ വാങ്ങാനുള്ള ശ്രമത്തിലാണിപ്പോൾ.

ചായക്കടയിലെ പണം അന്നന്നുവാങ്ങി പശുവിനുള്ള കുടിക്കായി പലചരക്കുകടയിൽ കൊടുക്കണം. ബാക്കി വല്ലതുമുണ്ടെങ്കിൽ ഉപ്പിനും മുളകിനും മറ്റ് അത്യാവശ്യങ്ങൾക്കും കഷ്ടിച്ചാണു കിട്ടുക.

ആട്ടിൻപാൽ കറന്നെടുക്കുമ്പോൾ അമ്മയുടെ പ്രധാന സഹായികൾ ലിസിയും മേഴ്സിയുമാണ്. അമ്മയെ അവരെങ്കിലും കുറേ സഹായിച്ചില്ലെങ്കിൽപ്പിന്നെ അമ്മയ്ക്കെവിടെനിന്നാണ് ഒരു വിശ്രമം കിട്ടുക?

അമ്മയ്ക്ക് എന്നും ഒരു പരാതിയുണ്ട്, അപ്പനെക്കുറിച്ച്: "ഇച്ചാച്ചന് ഒരുത്തരവാദിത്തോമില്ല, രാവിലെ എഴുന്നേറ്റ് കട്ടനും കുടിച്ച് നടക്കാൻ പോകും. പിന്നെ വന്ന് ആട്ടിൻപാലിന്റെ വീതം പറ്റും. പിന്നെ ഒറ്റപ്പോക്കാണ്. പിള്ളേരു പള്ളിക്കൂടത്തിൽ പോയിക്കഴിയുമ്പോൾ പതുക്കെ കഴിക്കാനായി കേറിവരും. ആ... എന്റെ തലവെട്ടം കാണാതാകുമ്പോൾ പഠിച്ചോളും."

അപ്പൻ കമാന്നൊരക്ഷരം മിണ്ടാതെ അനുസരണമുള്ള കുഞ്ഞാടിനെപ്പോലെ മുമ്പിൽ കൊണ്ടുവച്ചതു കഴിക്കും.

ഇടയ്ക്കൊരന്വേഷണം നടത്തും: "നീ വല്ലോം കഴിച്ചോ? നിനക്കൂടെ എടുത്തോണ്ടുവാ."

(തുടരും)

കവിത — അശോകൻ പുത്തൂർ

## തിരുമുറിവുകളുടെ തീർഥം

മൃതിക്കുമപ്പുറം നിന്നു ഞാൻ പാടുമീ
കവിത കേൾക്കുന്ന മാത്രയിൽ സോദരീ
വെറുതെ ഒന്നോർത്തു പോവുക പണ്ടു നാം
ഒത്തുപങ്കിട്ട നിറനിലാ പൊയ്കകൾ

മൊഴികൾ നട്ടുവളർത്തിയ താഴ്വര
കാടുപൂത്തു മണം പരക്കുന്നുവോ
മിഴികൾ സ്നേഹസന്ദേശമോതിയ
കരളിടങ്ങളിൽ കണ്ണീർ കിനിഞ്ഞുവോ

ജീവിതമാകെ പിഴച്ചൊരാ നാൾകളിൽ
മുറിപ്പെടാതെന്നെ കാത്തതിൻ നന്ദിയായ്
നിന്ദകൊണ്ടു ഞാൻ മൂടിയോ പ്രേമിതേ
ശിഷ്ടകാലങ്ങൾ മൃതി വിളിക്കുംവരെ

മറവി തീണ്ടിയ ഓർമ്മതൻ ഉച്ചിയിൽ
സ്നേഹിതേ നിന്റെ ശാപം നിറയ്ക്കായ്ക
മൃതിയിലും മോക്ഷമില്ലാതെ പോകട്ടെ
എന്റെ ജന്മവും വ്യഥകളും ധാർഷ്ട്യവും

സ്വർഗ്ഗത്തിലേക്കു പോകുമാ യാത്രയിൽ
നരകവാതിലിൽ എന്നെ നീ കാൺകവേ
അന്നെങ്കിലും ഓർത്തു പറയാതെ പോകൊലാ
നിന്നോടു ഞാൻ ചെയ്ത കഠിനാപരാധങ്ങൾ

ആയിരംപറ നിലാവു കൊണ്ടല്ല
വ്യഥിതകാലത്തിൻ പശിയെ അടക്കിടും
ചെയ്തപാപങ്ങൾ വാറ്റിക്കുടിച്ചു ഞാൻ
വിണ്ട ജീവിതപ്പാടം കടക്കുവോൻ

# നിഖ്യാ വിശ്വാസപ്രമാണത്തിന് കോൺസ്റ്റാന്റിനോപ്പിളിൽ അംഗീകാരം

നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യാസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര

13



ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ



**നി**ഖ്യാസൂനഹദോസുമുതൽ (325) കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് (381) വരെയുള്ള കാലഘട്ടത്തിൽ ആര്യനിസം പലതരത്തിൽ വളർന്നുകൊണ്ടിരുന്നു. ഒന്നിനു പിറകേ ഒന്നായി നിരവധി സിനഡുകൾ കൂടി. 'പിതാവിനും പുത്രനും ഒരേ സത്തയാണ്' (ഹോമോ ഉസിയോസ്) എന്ന പ്രയോഗം ഉപേക്ഷിച്ചുകൊണ്ടുള്ള വിശ്വാസപ്രമാണങ്ങൾ ഉണ്ടായി. പ്രധാനമായി മൂന്ന് അവാന്തരവിഭാഗങ്ങൾ ആരിയൻസമൂഹത്തിൽ കാണപ്പെട്ടു.

1. അനോമയർ (Anomoios): പിതാവും പുത്രനും തമ്മിലുള്ള വ്യത്യാസം പ്രഖ്യാപിക്കാൻ ഇവർ വെമ്പൽ പൂണ്ടു. പിതാവും പുത്രനും തമ്മിൽ സാമ്യമില്ലെന്ന് ഇവർ പഠിപ്പിച്ചു.

2. ഹോമോയർ (Homoios): വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതുപോലെ പുത്രന് പിതാവുമായി സാമ്യമുണ്ട് എന്നു പഠിപ്പിച്ചു. ദൈവശാസ്ത്രഫോർമുലകൾ ഉപയോഗിക്കാൻ ഇക്കൂട്ടർ വിസമ്മതിച്ചു.

3. സെമി ആര്യൻ : ഹോമോ ഉസിയോസ് എന്ന പദം ഇവർ ഉപയോഗിച്ചു. 'പിതാവും പുത്രനും തമ്മിൽ സാമ്യവും വ്യത്യാസവും ഉണ്ട്' എന്ന് ഇവർ പഠിപ്പിച്ചു.

നിഖ്യാവിശ്വാസപ്രമാണത്തിന്റെ വെളിച്ചത്തിൽ ആര്യൻ തർക്കങ്ങൾ അവസാനിപ്പിക്കാനുള്ള പരിശ്രമമാണ് 381 ൽ കോൺസ്റ്റാന്റിനോപ്പിൾ സിനഡിൽ നടന്നത്. സത്യവിശ്വാസികളായ 150 പിതാക്കന്മാരും 36 പാഷണ്ഡമെത്രാന്മാരും ഇതിൽ പങ്കെടുത്തു. 'പ്നെവുമാതോമാക്കി' എന്നറിയപ്പെടുന്ന അബദ്ധോപദേശചിന്ത പുലർത്തിയിരുന്നവരായിരുന്നു ഈ 36 പേരും. പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ച ഇവർ സിനഡിന്റെ ആരംഭത്തിൽ സഭ വിട്ടിറങ്ങിപ്പോയി.

കോൺസ്റ്റാന്റിനോപ്പിൾ മെത്രാൻസ്ഥാനത്തെത്താൻ ശ്രമിച്ച മാക്സിമൂസ് കാരണം വളരെയേറെ പ്രശ്നങ്ങൾ ആ സഭയിൽ ഉണ്ടായിരുന്നു. കൗൺസിലിൽ മാക്സിമൂസിനെ സ്ഥാനഭ്രഷ്ടനാക്കി. ഈ സിനഡിന്റെ നടപടിക്രമങ്ങളോ തീരുമാനങ്ങളോ കൃത്യമായി ലഭ്യമല്ല. 382ൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ സിനഡിന്റെ സിനഡിക്കൽലേഖനത്തിൽനിന്നാണ് ഇതിന്റെ ഉള്ളടക്കം നാം ഗ്രഹിക്കുന്നത്. മൂന്ന് ദൈവിക ആളുകളുടെ സത്താപരമായ ഐക്യം, നിത്യത്വം എന്നിവ സബെല്ലിയർ, അനോമയർ, ആരിയർ, പ്നെവുമാതോമാക്കി എന്നിവർക്കെതിരേ സ്പഷ്ടമാക്കി. 382 മുതൽ ഈ സിനഡിനെ ഒരു പൊതു സിനഡായി കാണാൻ തുടങ്ങി. എന്നാൽ, ഗ്രിഗറി നസിയാൻസൻ ഈ സിനഡിനെ നിശിതമായി വിമർശിക്കുന്നതു കാണാം. ഇതൊരു പ്രാദേശിക സിനഡായി പൊതുവേ കരുതപ്പെടുന്നു. കാൽസിഡൻ കൗൺസിലാണ് ഇതിന് സാർവത്രികസ്വഭാവം അംഗീകരിച്ചു കൊടുത്തത്.

**1. നിഖ്യാ വിശ്വാസപ്രമാണം ആവർത്തിച്ച് ഉറപ്പിക്കുന്നു**

പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിക്കുന്നവർ 373 ഓടുകൂടി കോൺസ്റ്റാന്റിനോപ്പിളിൽ പ്രത്യക്ഷപ്പെട്ടു. പുത്രനും പരിശുദ്ധാത്മാവും പിതാവിന്റേതന്നെ സത്തയാണെന്ന് സിനഡ് സ്പഷ്ടമായി പഠിപ്പിക്കുകയും പാഷണ്ഡികളെ സഭാഭ്രഷ്ടരാക്കുകയും ചെയ്തു. നിഖ്യാ പഠിപ്പിച്ചവ ആവർത്തിച്ച് ഉറപ്പിച്ചു.

ഈ സിനഡ് നാലു കാനോനകൾ പാസാക്കി. എന്നാൽ, പിൽക്കാലത്ത് അതിന്റെകൂടെ മൂന്നെണ്ണം കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. ഗ്രിഗറി മാർപാപ്പായാണ് 381 ലെ സിനഡിനെ സാർവത്രികസിനഡായി അംഗീകരിച്ചത്. കാനോനകൾ താഴെ ചേർക്കുന്നു:

1. വിവിധ ആര്യൻവിഭാഗക്കാർക്കെതിരായി.

2. മെത്രാൻമാർ തങ്ങളുടെ അധികാരപരിധിവിട്ട് അധികാരപ്രയോഗം നടത്തുന്നതു വിലക്കുന്നു.

3. കോൺസ്റ്റാന്റിനോപ്പിൾ സിംഹാസനത്തിന് ബഹുമാനത്തിൽ റോം കഴിഞ്ഞാലുള്ള അടുത്ത സ്ഥാനം കൊടുക്കുന്നു.

4. മാക്സിമൂസിനെയും അനുയായികളെയും സ്ഥാനഭ്രഷ്ടരാക്കുന്നു.

5, 6 എന്നിവ 382 ലെ സിനഡിന്റേതാണ്.

7. അന്ത്യോക്യായിലെ മർതീരിയൂസിന് കോൺസ്റ്റാന്റിനോപ്പിൾ സഭ അയച്ച കത്തിൽനിന്നുള്ള ഒരു ഭാഗമാണ്.

വിശ്വാസപ്രമാണം സ്വീകരിച്ചതുപോലെ കാനോനകൾ ഉടനടി സ്വീകരിക്കപ്പെട്ടില്ല. നാലു കാനോനകളാണ് ഈ കൗൺസിലിൽ രൂപപ്പെടുത്തിയത് എന്നു നാം കണ്ടു. മൂന്നാമത്തെ കാനൻ കോൺസ്റ്റാന്റിനോപ്പിൾ മെത്രാന് പൗരസ്ത്യദേശത്തെ മറ്റു മെത്രാന്മാരെക്കാൾ സ്ഥാനം നൽകി. കോൺസ്റ്റാന്റിനോപ്പിൾ പട്ടണം അപ്പോൾ റോമാസാമ്രാജ്യത്തിന്റെ പുതിയ തലസ്ഥാനമായതുകൊണ്ടാണ് ഇങ്ങനെ ചെയ്തത്. എന്നാൽ, കോൺസ്റ്റാന്റിനോപ്പിളിന് റോമാ കഴിഞ്ഞുള്ള സ്ഥാനമേ നൽകിയുള്ളൂ. അതിനാൽ, അപ്പോഴത്തെ പ്രാധാന്യം അനുസരിച്ചുള്ള ക്രമം റോം, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാണ്ട്രിയ, അന്ത്യോക്യാ എന്നിങ്ങനെയാണ്. എന്നാൽ, ഈ കൗൺസിലിന്റെ ഭാഗമായി പിന്നീട് 382 ൽ നടന്ന ഒരു സിനഡിലെ തീരുമാനങ്ങൾ 5, 6, 7 കാനോനകളായി എഴുതിച്ചേർത്തു. 381 ലെയും 382 ലെയും കോൺസ്റ്റാന്റിനോപ്പിൾ സിനഡുകൾ ഈ ഏഴു കാനോനകൾ ഒരുമിച്ചാണ് പടിഞ്ഞാറിന്റെ (റോമിന്റെ) അംഗീകാരത്തിനായി പിന്നീട് അയച്ചുകൊടുത്തത്. ഇതിലെ മൂന്നാമത്തെ കാനോനയുടെ പേരിൽ (കോൺസ്റ്റാന്റിനോപ്പിളിന് പ്രാധാന്യം കൊടുക്കുന്ന) റോം ഇതിന് അംഗീകാരം നൽകിയില്ലെങ്കിലും ഇതിൽ രൂപം കൊടുത്ത വിശ്വാസപ്രമാണത്തിന് അംഗീകാരം നൽകുകയുണ്ടായി. വിശ്വാസത്തിന് എതിരായി നിന്ന സെമി-ആര്യനിസത്തെ എതിർക്കുകയായിരുന്നല്ലോ ഈ കൗൺസിലിന്റെ ലക്ഷ്യവും.

**2. കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം**

ഈ സിനഡിലും ഒരു വിശ്വാസപ്രമാണത്തിനു രൂപം കൊടുത്തു. 'കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം' എന്ന് ഇതിനെ വിളിക്കാമെങ്കിലും 'നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം' എന്നാണ് ഇതിന്റെ പേര്. അതിനാൽ ഈ *Symbolum Niceanum Constantinopolitanum* കഴിഞ്ഞ രണ്ടു കൗൺസിലുകളായി രൂപപ്പെട്ടുവന്നതാണ്. ഇപ്പോൾ കിഴക്കും പടിഞ്ഞാറുമുള്ള സഭകൾ ആരാധനാക്രമത്തിൽ ഇത് ഉപയോഗിക്കുന്നു. 381 മുതൽ 450 വരെയുള്ള എഴുത്തുകാർ അപ്രകാരം പറഞ്ഞുകാണുന്നില്ല. ഒന്നാം എഫേസൂസ് സിനഡോ (431) രണ്ടാം എഫേസൂസ് സിനഡോ (449) ഈ വിശ്വാസപ്രമാണത്തെപ്പറ്റി പരാമർശിക്കുന്നില്ല. കാൽസിഡൻ സിനഡോടുകൂടിയാണ് (451) 381 ലെ സിനഡിന്റെ വിശ്വാസപ്രമാണമായി ഇത് അറിയപ്പെടുന്നത്. റോമാസഭ 660-ാം ആണ്ടോടുകൂടി ഈ വിശ്വാസപ്രമാണം സ്വീകരിച്ചു. ഈ വിശ്വാസപ്രമാണം ഇപ്രകാരമാണ്: സർവശക്തിയുള്ള പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും ദൃശ്യാദൃശ്യങ്ങളായ എല്ലാ വസ്തുക്കളുടെയും നിർമാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏക പുത്രനും, യുഗങ്ങൾക്കെല്ലാം മുമ്പ് പിതാവിൽനിന്നു ജനിച്ചവനും, പ്രകാശത്തിൽനിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിക്കപ്പെടാത്തവനും, പിതാവുമായി സമസത്തയായവനും, തന്നാൽ സകലതും നിർമിക്കപ്പെട്ടവനുമായ ഏക കർത്താവീശോമിശിഹായിലും (ഞങ്ങൾ വിശ്വസിക്കുന്നു). അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗത്തിൽനിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകമറിയാമിൽനിന്ന് ശരീരമെടുത്ത് മനുഷ്യനായി. അവൻ പൊന്തിയോസ് പീലാത്തോസിന്റെ കാലത്ത് നമുക്കുവേണ്ടി ക്രൂശിക്കപ്പെടുകയും, കഷ്ടതകൾ സഹിച്ചു മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവൻ സ്വർഗത്തിലേക്കു കരേറി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ മഹത്ത്വത്തിൽ വീണ്ടും വരാനിരിക്കുന്നു. അവന്റെ രാജ്യം ഒരിക്കലും അവസാനിക്കുകയില്ല. പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടുംകൂടെ ആരാധിക്കപ്പെടുകയും മഹത്ത്വീകരിക്കപ്പെടുകയും ചെയ്യുന്നവനും പ്രവാചകരിലൂടെ സംസാരിച്ചവനും കർത്താവും ജീവദാതാവുമായ പരിശുദ്ധാത്മാവിലും ഏകവും പരിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു). പാപമോചനത്തിനുള്ള ഏക മാമോദീസാ ഞങ്ങൾ ഏറ്റുപറയുന്നു. മരിച്ചവരുടെ ഉയിർപ്പും വരാനിരിക്കുന്ന ലോകത്തിലെ ജീവിതവും ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

സൈപ്രസ് ദ്വീപിലുള്ള കോൺസ്റ്റാൻസിയായിലെ മെത്രാനായ എപ്പിഫാനിയൂസ് തന്റെ രൂപതയിൽ മാമ്മോദീസാ സ്വീകരണവേളയിലെ ഉപയോഗത്തിനായുള്ള വിശ്വാസപ്രമാണമായിരുന്നു ഇത് എന്നു പറയുന്നവരുണ്ട്. അദ്ദേഹം രചിച്ച 'അൻകൊറാത്താ' എന്ന ഗ്രന്ഥത്തിൽ ഇതു ലഭ്യമാണ്. എന്നാൽ, ഇതിന്റെ തുടക്കം ജറുസലേമിലായിരുന്നു എന്നു കരുതുന്നവരുണ്ട്. ജറുസലേമിലെ വി. സിറിൾ ഉപയോഗിച്ചിരുന്നതാണിതെന്നും കോൺസ്റ്റാന്റിനോപ്പിളിലെ വി. നെക്താരിയൂസ് തന്റെ സഭയിലെ വിശ്വാസപ്രമാണമായി ഉപയോഗിച്ചിരുന്നതായിരുന്നു എന്നും പറയുന്നവരുണ്ട്.

(തുടരും)

# തൂക്കുമരത്തട്ടിലെ അവസാനത്തവൾ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

1

ഫ്രഞ്ചുവിപ്ലവകാലത്തു രക്തസാക്ഷിത്വം വരിച്ച പതിനാറു കന്യാസ്ത്രീകളെ, പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പാ 2024 ഡിസംബർ 18-ാം തീയതി വിശുദ്ധരായി പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ ലേഖനം

**പ**രിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പാ 2024 ഡിസംബർ 18-ാം തിയതി 'കംപിയേണിലെ കർമലീത്താകന്യാസ്ത്രീകൾ' എന്നറിയപ്പെടുന്ന പതിനാറു വാഴ്ത്തപ്പെട്ടവരെ, വിശുദ്ധരുടെ നാമകരണനടപടികളുടെ ചില ഘട്ടങ്ങൾ ഒഴിവാക്കിക്കൊണ്ട്, വിശുദ്ധരായി പ്രഖ്യാപിച്ചു. ഇതിനെ എക്വിപൊളന്റ് (തത്തുല്യ ആധികാരികതയോടെ) വിശുദ്ധപദപ്രഖ്യാപനം എന്നാണു പറയുന്നത്. വാഴ്ത്തപ്പെട്ടവരുടെ മധ്യസ്ഥതയിൽ നടന്ന ഒരദ്ഭുതത്തിന്റെ അഭാവത്തിൽ, അവരുടെ പ്രാദേശികവണക്കത്തെക്കുറിച്ചു പഠിച്ചശേഷം വിശുദ്ധപദപ്രഖ്യാപനത്തിന്റെ തിരുക്കർമങ്ങൾ കൂടാതെതന്നെ പരിശുദ്ധപിതാവിന്റെ പ്രത്യേക അധികാരത്താൽ നടത്തുന്ന പ്രഖ്യാപനത്തിനാണ് തത്തുല്യആധികാരികതയോടെയുള്ള(Equipollent) വിശുദ്ധപദപ്രഖ്യാപനം എന്നു പറയുന്നത്.

ഇതിനുമുമ്പ് ബനഡിക്ട് പതിനാറാമൻ പാപ്പാ 2012 ൽ ബിൻഗതിലെ വി. ഹിൽഡെഗാർഡിനെയും 1931 ൽ പതിനൊന്നാം പീയൂസ് മാർപാപ്പാമഹാനായ വി. ആൽബർട്ടിനെയും ഈവിധം വിശുദ്ധരായി പ്രഖ്യാപിച്ചിട്ടുണ്ട്. വളരെ വിരളമായേ, 'തത്തുല്യാധികാരികതയോടെയുള്ള വിശുദ്ധപദപ്രഖ്യാപനം' നടത്താറുള്ളൂ.

ഫ്രാൻസിന്റെ തലസ്ഥാനനഗരിയായ പാരീസിൽനിന്ന് 85 കിലോമീറ്റർ വടക്കുള്ള ഒരു പട്ടണമാണ് കംപിയേഞ്ഞ്. ഫ്രഞ്ചുവിപ്ലവം അതിന്റെ മൂർധന്യത്തിൽ എത്തിനിൽക്കുമ്പോൾ കംപിയേഞ്ഞിലെ കർമലീത്താമഠത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെ മഠത്തിൽനിന്നു പുറത്താക്കുകയും വസ്തുവകകൾ കണ്ടുകെട്ടുകയും ചെയ്തു. അതിൽ പതിനാറുപേരെ അറസ്റ്റു ചെയ്ത് പാരീസിൽ എത്തിക്കുകയും വിപ്ലവത്തിന് എതിരുനിൽക്കുന്നു എന്ന കുറ്റമാരോപിച്ച് മരണത്തിനു വിധിക്കുകയും ചെയ്തു. 1794 ജൂലൈമാസം പതിനേഴാം തീയതി 'രാജകീയസിംഹാസന'ത്തിന്റെ മൈതാനിയിൽ, ഉയർന്ന പ്ലാറ്റുഫോമിൽ ഉറപ്പിച്ചിരുന്ന ഗില്ലറ്റിനിൽ ഗളഹസ്തരായ കർമലീത്താ നിഷ്പാദുകസഭയിലെ ഈ പതിനാറു സഹോദരികൾ വിസ്മൃതിയിൽ ആണ്ടുപോയില്ല.

1906 മേയ് 27-ാം തീയതി പത്താം പീയൂസ് മാർപാപ്പാ ഈ പതിനാറു രക്തസാക്ഷികളെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. ഇവരുടെ സ്മരണ നിലനിറുത്താൻ ഏറ്റവുമധികം സഹായിച്ചത് ഗെർത്രൂദ് ഫോൺ ലെ ഫോർട്ട് (1876-1971) എന്ന ജർമൻ കത്തോലിക്കാസാഹിത്യകാരി 1931 ൽ രചിച്ച 'തൂക്കുമരത്തട്ടിൽ അവസാനത്തവൾ' (Die Letze Am Schafott) എന്ന ചെറുനോവലും അതിന്റെ ഭാഷാന്തരങ്ങളുമാണ്. ഇംഗ്ലീഷ് പരിഭാഷ 'The song at the scaffold' എന്ന ശീർഷകത്തോടെ 1933 ൽ പ്രസിദ്ധീകൃതമായി.

ഗെർത്രൂദ് ഫോൺ ലെ ഫോർട്ടിന്റെ ഈ നോവലിനെ അടിസ്ഥാനമാക്കി ഫ്രഞ്ചുഭാഷയിൽ ഒരു സിനിമ എടുക്കുന്നതിനായി 1948 ൽ പ്രശസ്ത സാഹിത്യകാരനായ ജോർജ് ബർണനോസ് ഒരു തിരക്കഥ തയ്യാറാക്കി. സിനിമാനിർമാണം ഉടനെ നടന്നില്ലെങ്കിലും ബർണാനോസിന്റെ തിരക്കഥ "Dialogues Carmelites" (കർമലീത്താ സിസ്റ്റേഴ്സിന്റെ സംഭാഷണങ്ങൾ) എന്ന പേരിൽ പ്രസിദ്ധീകൃതമായി.

ഏകദേശം പത്തുവർഷങ്ങൾക്കുശേഷം, ബർണനോസിന്റെ കൃതിയെ അടിസ്ഥാനമാക്കി വളരെ പ്രസിദ്ധമായ ഒരു സംഗീതനാടകവും സാധാരണ നാടകവും ഒന്നിലധികം സിനിമകളും രൂപമെടുത്തു.

**ബർണാനോസിന്റെ കാഴ്ചപ്പാടുകൾ**

1948 ൽ 60-ാം വയസ്സിൽ രോഗബാധിതനായി മരണത്തോടു മല്ലിട്ടു കഴിയുമ്പോഴാണ് ബർണാനോസ് തന്റെ ഈ അവസാനകൃതി രചിച്ചത്. തന്റെ മരണഭയവും മരണവേദനയുമെല്ലാം അദ്ദേഹം ബ്ലാൻഷ് (ധവളം എന്നർഥം) എന്ന ഒരു നോവീസിൽ സന്നിവേശിപ്പിച്ചിരിക്കുകയാണ്. മറ്റൊരു കൃതിയിൽ ബർണനോസ് ഭയത്തെ നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്: "ഒരർഥത്തിൽ കർത്താവ് ദുഃഖവെള്ളിയാഴ്ച വീണ്ടെടുത്ത് ദൈവപുത്രിയായി മാറ്റിയ ഒരു വികാരമാണ് ഭയം. അവളെ കാണാൻ ചന്തമില്ല. ഒരു കൂട്ടർ അവളെ പരിഹസിക്കുന്നു; ചിലർ അവളെ ശപിക്കുന്നു; എല്ലാവരും അവളെ തള്ളിപ്പറയുന്നു. എന്നിരിക്കിലും, സംശയലേശമെന്യേ പറയുവാൻ സാധിക്കും 'മരണവേദന അനുഭവിക്കുന്ന മനുഷ്യന്റെ തലയ്ക്കൽ അവനുവേണ്ടി മാധ്യസ്ഥ്യം യാചിച്ചുകൊണ്ട് ഭീതി എന്ന സന്തതസഹചാരിയുണ്ട്."

**ബ്ലാൻഷിന്റെ കഥ, ദൈവവിളി**

1774 ൽ ലൂയി പതിനഞ്ചാമൻ രാജാവിന്റെ കിരീടാവകാശിയായ രാജകുമാരന്റെ വിവാഹത്തിന് പാരീസ് നഗരത്തിലെങ്ങും ആഘോഷങ്ങൾ അരങ്ങേറി. അതിൽ പങ്കെടുക്കാനായി ദ്‌ല ഫോഴ്സ് പ്രഭുവും ഗർഭിണിയായ ഭാര്യയും കുതിരവണ്ടിയിൽ ജനക്കൂട്ടത്തിനിടയിലൂടെ നീങ്ങുകയാണ്. പ്രഭു തന്റെ മിത്രങ്ങളെ കണ്ടപ്പോൾ അവിടെയിറങ്ങി.



ആഘോഷങ്ങളുടെ ഭാഗമായി കത്തിക്കാനിരുന്ന വെടിക്കെട്ടുസാധനങ്ങളിലേക്കു തീ പടർന്നുണ്ടായ സ്ഫോടനശബ്ദം കേട്ട് ആളുകൾ ചിതറിയോടി. തിക്കിലും തിരക്കിലും പെട്ട കുതിരവണ്ടിയുടെ നേർക്ക് ആളുകൾ ആക്രോശിക്കുകയും കല്ലുപെറുക്കി എറിയുകയും ചെയ്തു. പൊലീസ് ഇടപെട്ട് പ്രഭ്വി സഞ്ചരിച്ചിരുന്ന കുതിരവണ്ടി കടത്തിവിട്ടു. ആകെ ഭയന്നുപോയ പ്രഭ്വി അന്നു രാത്രിതന്നെ ഒരു പെൺകുഞ്ഞിനു ജന്മം നൽകി. 'കുഞ്ഞിനു പ്രശ്നമില്ല, നിർഭാഗ്യ അമ്മ മരണമടഞ്ഞു' എന്നു പറഞ്ഞുകൊണ്ടാണ് പ്രസവം നടന്ന മുറിയിൽനിന്ന് ഡോക്ടർ പുറത്തേക്കു വന്നത്. ആ കുഞ്ഞാണ് ബ്ളാൻഷ്. വളർന്നുവന്നപ്പോൾ നിഴലു കണ്ടുപോലും പേടിച്ചു നിലവിളിക്കുന്ന സ്വഭാവമായിരുന്നു അവളുടേത്. ബ്ലാൻഷിന്റെ മൂത്തസഹോദരൻ ഇതേക്കുറിച്ച് ആശങ്കയുള്ളവനായിരുന്നു. പിതാവാകട്ടെ അവൾക്ക് ഒരു നല്ല ഭർത്താവിനെ കണ്ടെത്തിയാൽ പ്രശ്നങ്ങൾ അവസാനിക്കുമെന്ന നിലപാടാണ് എടുത്തത്.

ഇതെല്ലാം സംഭാഷണങ്ങളായിട്ടാണ് ബർണനോസ് അവതരിപ്പിക്കുന്നത്. വളരെ പരിചയസമ്പന്നനായ കുതിരവണ്ടിക്കാരനാണ് ബ്ലാൻഷിനെ നഗരത്തിലൂടെ നയിച്ചിരുന്നതെങ്കിലും ബ്ലാൻഷ് നഗരവീഥികളിലെ ഒച്ചപ്പാടും ബഹളവും കണ്ട് അകാരണമായി ഭയപ്പെട്ടു വിറച്ചിരുന്നു. അങ്ങനെ, ഒരു ദിവസം മകളുടെ മുറിയിൽ ചെന്നു സംസാരിച്ച അപ്പനോട്, അങ്ങയുടെ അനുവാദത്തോടെ കർമലമഠത്തിൽ ചേരാൻ ഞാൻ തീരുമാനിച്ചു എന്ന് ബ്ലാൻഷ് ധൈര്യമെല്ലാം സംഭരിച്ച് പറഞ്ഞൊപ്പിച്ചു. പേടിയെ പേടിച്ചുള്ള ഒളിച്ചോട്ടമല്ലേ എന്നാണ് പിതാവ് മകളോടു ചോദിച്ചത്. കാർമലിലെ കഠിനമായ ജീവിതചര്യകൾ പാലിക്കാൻ അവൾക്കു പറ്റുമോ എന്ന ചോദ്യത്തിന് 'തന്റെ ബലഹീനതകൾ ദൈവഹിതം മനസ്സിലാക്കുവാൻ തന്നെ സഹായിക്കുന്നു.' ഒരധികാരിക്ക് കീഴ്‌വഴങ്ങി സഹോദരിമാരോടൊപ്പം ജീവിക്കാനാണ് തന്റെ വിളി എന്ന് ബ്ലാൻഷ് പിതാവിനോടു പറഞ്ഞു. "എന്റെ മകളേ, നീ കരുതുന്നതിൽ കൂടുതൽ അഹങ്കാരം നിന്റെ തീരുമാനത്തിൽ ഒളിഞ്ഞിരിപ്പില്ലേ, ഒരു ഉന്നതകുലജാത ദാരിദ്ര്യവും അനുസരണയും തിരഞ്ഞെടുക്കുന്നു എന്നല്ലേ നീ വിചാരിക്കുന്നത്? ലോകത്തെ അങ്ങനെ അങ്ങ് തള്ളിക്കളയണമോ?"

പിതാവിന്റെ ചോദ്യങ്ങൾക്കു മുമ്പിൽ അല്പമൊന്നു പകച്ചെങ്കിലും ബ്ലാൻഷ് പ്രത്യുത്തരമായി പറഞ്ഞു: "ഞാൻ ലോകത്തെ വെറുക്കുന്നില്ല. ഞാൻ ലോകത്തെ ഭയപ്പെടുന്നു എന്നു പറയുന്നതും അത്ര ശരിയല്ല. എനിക്കു ജീവിക്കാനറിയത്തില്ലാത്ത ഒരിടമാണ് ഈ ലോകം.

അതേ, എന്റെ അപ്പച്ചാ, എനിക്ക് ഒച്ചപ്പാടും ബഹളവും ഒരു വിധത്തിലും സഹിക്കാൻ പറ്റുന്നില്ല. ലൗകികകൂട്ടുകെട്ടുകൾ ഞാൻ ആഗ്രഹിക്കുന്നില്ല. രാത്രി മുഴുവൻ വഴിയിൽ ആടിപ്പാടി നടക്കുന്ന ചെറുപ്പക്കാരെക്കുറിച്ചുള്ള ചിന്ത എന്റെ ഉറക്കം കെടുത്തുന്നു. കടൽച്ചൊരുക്കുള്ള ഒരു യുവാവിനെ കപ്പലിൽ ജോലി ചെയ്യാൻ അങ്ങു നിർബന്ധിക്കുമോ?" മകളെ ശ്രദ്ധയോടെ ശ്രവിച്ച പിതാവ്, എന്റെ പ്രിയ മകളേ, ലൗകികജീവിതം താങ്ങാനുള്ള ശക്തി നിനക്കുണ്ടോന്നു തീരുമാനിക്കേണ്ടത് നിന്റെ മനഃസാക്ഷിയാണ് എന്നു പ്രത്യുച്ചരിച്ചു. "പ്രിയ അപ്പച്ചാ, ഞാനിപ്പോഴും പേടിച്ചുവിറയ്ക്കുകയാണ്. എന്റെ കരങ്ങൾ ഐസുകട്ടപോലെ തണുത്തിരിക്കുന്നു. എന്റെ ഈ ഭയങ്കര ബലഹീനതയ്ക്ക് എന്തെങ്കിലും ഒരു പ്രതിവിധി കാണാതിരിക്കുകയില്ല. ദൈവത്തിന് എന്നെക്കൊണ്ട് ഒരു പദ്ധതി കാണാതിരിക്കില്ല. ഞാൻ ദൈവത്തിന് എല്ലാം ബലിയായി അർപ്പിക്കുന്നു. ഞാൻ എല്ലാം ഉപേക്ഷിക്കുന്നു. ഞാൻ സർവ്വവും ത്യജിക്കുന്നു. ദൈവം എനിക്കു ധൈര്യം പ്രദാനം ചെയ്യട്ടെ."

(തുടരും)

**കവിത** **സുലോചന രാജൻ**

## ഭൂമിയുടെ അവകാശികൾ

തുല്യമാണു ഭൂമിയിൽ
മനുഷ്യരെന്നപോലവേ
പുല്ലുകൾ പുഴുക്കളും
ചരാചരങ്ങളൊക്കെയും.

പക്ഷികൾ മൃഗാദികൾ
സസ്യജാലമൊക്കെയും
പൂത്തിടും ചെടികളും
കായ്ചിടും മരങ്ങളും.

മണ്ണിലൂടിഴഞ്ഞിടും
പാമ്പുകൾക്കുപോലുമീ
ഭൂമിയിൽ വസിച്ചിടാൻ
തുല്യനീതി നിശ്ചയം.

വെള്ളവും വെളിച്ചവും
ജീവവായു ഒക്കെയും
തന്നിടുന്നു തുല്യമായ്
അമ്മയാകുമിക്ഷിതി.

Deepanalam Weekly
RNI No : 16998/68
Vol. 58 No. 9 Date of Publication 1 May 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org